# DEVAMATHA HIGH SCHOOL CHENNAMKARY

# ACADEMIC MASTER PLAN 2026-27




dmhschennamkary@gmail.com

Ph : 0477 – 2724260

Web : dmhschennamkary.org.in

**ഉള്ളടക്കം**


I. ആമുഖം........................................................................................................ 4

a. സ്കൂൾ പ്രൊഫൈൽ............................................................................................ 4

b. സ്റ്റുഡന്റ് സ്റ്റാഫ് സ്റ്റാറ്റിറ്റിക്സ്.......................................................................... 5

c. ചരിത്രം............................................................................................................ 5

d. കാഴ്ചപ്പാട്....................................................................................................... 5

e. പ്രധാന ലക്ഷ്യങ്ങൾ............................................................................................ 5

f. പുനരവലോകനം - AMC 2025............................................................................. 6

II. അവസ്ഥാ വിശകലനവും മുൻഗണനകളും.......................................................... 7

a. ഭൗതിക നേട്ടങ്ങൾ പരിമിതികൾ....................................................................... 7

b. അക്കാദമിക നേട്ടങ്ങൾ പരിമിതികൾ.................................................................. 8

c. സാധ്യതകൾ വെല്ലുവിളികൾ................................................................................ 9

d. പഠന ലക്ഷ്യം കൈവരിക്കൽ പഠന പിന്തുണ........................................................ 10

e. മുൻഗണനാക്രമത്തിലുള്ള പ്രശ്നങ്ങളും കാരണങ്ങളും........................................... 10

III. ലക്ഷ്യങ്ങൾ.................................................................................................. 10

a. ഹ്രസ്വകാല ലക്ഷ്യങ്ങൾ.................................................................................... 10

b. ദീർഘകാല ലക്ഷ്യങ്ങൾ..................................................................................... 11

IV. പ്രവർത്തന പദ്ധതി......................................................................................... 11

a. പൊതുവായ പ്രവർത്തനങ്ങൾ............................................................................. 11

b. അക്കാദമിക പ്രവർത്തനങ്ങൾ............................................................................. 12

ക്ലാസ് 1............................................................................................... 12

ക്ലാസ് 2............................................................................................... 14

ക്ലാസ് 3............................................................................................... 15

ക്ലാസ് 4............................................................................................... 16

LP മലയാളം.......................................................................................... 17

LP ഇംഗ്ലീഷ്.......................................................................................... 22

LP പരിസര പഠനം.................................................................................. 23

LP ഗണിതം............................................................................................ 25

UP മലയാളം.......................................................................................... 29

UP ഇംഗ്ലീഷ്.......................................................................................... 31

UP ഹിന്ദി.......................................................................................... 34
UP സംസ്കൃതം.......................................................................................... 35
UP അടിസ്ഥാന ശാസ്ത്രം.......................................................................................... 36
UP ഗണിതം.......................................................................................... 39
UP സാമൂഹ്യ ശാസ്ത്രം.......................................................................................... 39
HS മലയാളം.......................................................................................... 40
HS ഇംഗ്ലീഷ്.......................................................................................... 42
HS ഹിന്ദി.......................................................................................... 43
HS ശാസ്ത്രം .......................................................................................... 46
HS സാമൂഹ്യ ശാസ്ത്രം.......................................................................................... 49
HS ഗണിതം.......................................................................................... 51
HS ICT.......................................................................................... 51

V. വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം................. 53
a. വിദ്യാഭ്യാസവകുപ്പിന്റെ പരിപാടികളുമായുള്ള ഏകോപനം....................... 53
b. അധ്യാപക ശാക്തീകരണത്തിലെ പങ്കാളിത്തം........................................... 54
c. സാമൂഹിക / രക്ഷാകർതൃ പങ്കാളിത്തം........................................................ 54

VI. പ്രവർത്തന കലണ്ടറും മോണിറ്ററിംഗ് സംവിധാനവും................................ 54
a. പ്രവർത്തന കലണ്ടർ.......................................................................... 54
b. പ്രവർത്തന പുരോഗതി വിലയിരുത്തൽ...................................................... 56
VII. ഉപസംഹാരം.......................................................................................... 56

# I. ആമുഖം

സീറോ മലബാർ കത്തോലിക്ക സഭയുടെ ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ, ചേന്നങ്കരി സെന്റ് ജോസഫ് ചർച്ചിന്റെ ഉടമസ്ഥതയിലുള്ള ഒരു ക്രിസ്ത്യൻ മൈനോരിറ്റി എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണ് ദേവമാതാ ഹൈസ്കൂൾ. കുട്ടനാടിന്റെ സവിശേഷമായ ഭൂപ്രകൃതിയിൽ, ജലപാതകളെ ആശ്രയിച്ചു കഴിയുന്ന ഒരു സമൂഹത്തിന് ദശാബ്ദങ്ങളായി അറിവും മൂല്യങ്ങളും പകർന്നുനൽകുന്ന ഈ വിദ്യാലയം 2026-27 അക്കാദമിക വർഷത്തിലേക്ക് ചുവടുവെക്കുന്നത് പുതിയ ലക്ഷ്യങ്ങളോടു കൂടിയാണ്.

### (a) സ്കൂൾ പ്രൊഫൈൽ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | - | ദേവമാതാ ഹൈസ്കൂൾ ചേന്നങ്കരി |
| സ്കൂൾ കോഡ് | - | 46032 |
| UDISE കോഡ് | - | 32110800202 |
| ഫോൺ | - | 0477-2724260 |
| ഇ മെയിൽ | - | dmhschennamkary@gmail.com |
| വിദ്യാഭ്യാസ ഉപജില്ല | - | മങ്കൊമ്പ് |
| വിദ്യാഭ്യാസ ജില്ല | - | കുട്ടനാട് |
| റവന്യൂ ജില്ല | - | ആലപ്പുഴ |
| ബി. ആർ. സി. | - | മങ്കൊമ്പ് |
| സി. ആർ. സി. | - | ഗവ. LPS പൊങ്ങ |
| ഗ്രാമപഞ്ചായത്ത് | - | നെടുമുടി (വാർഡ് - 3) |
| ബ്ലോക്ക് പഞ്ചായത്ത് | - | ചമ്പക്കുളം |
| ജില്ല പഞ്ചായത്ത് | - | ആലപ്പുഴ |
| നിയമസഭാമണ്ഡലം | - | കുട്ടനാട് |
| ലോകസഭാമണ്ഡലം | - | മാവേലിക്കര |
| താലൂക്ക് | - | കുട്ടനാട് |
| വില്ലേജ് | - | കൈനകരി |
| സ്ഥാപന തരം | - | മൈനോരിറ്റി & എയ്ഡഡ് |
| മാനേജ്മെന്റ് | - | ചങ്ങനാശ്ശേരി അതിരൂപത |
| രക്ഷാധികാരി | - | അഭിവന്ദ്യ മാർ തോമസ് തറയിൽ |
| കോർപ്പറേറ്റ് മാനേജർ | - | റവ. ഫാ. ജോബി മൂലയിൽ |
| സ്കൂൾ മാനേജർ | - | റവ. ഫാ. ജോസഫ് ബംഗ്ലാവ് പറമ്പിൽ |
| ഹെഡ്മിസ്ട്രസ് | - | ശ്രീമതി ലീന ജോൺ |
| പി.റ്റി.എ. പ്രസിഡന്റ് | - | ശ്രീ. യോഹന്നാൻ തരകൻ |
| എം.പി.റ്റി.എ പ്രസിഡന്റ് | - | ശ്രീമതി ബിജി ഷൈജു |

**(b) സ്റ്റുഡന്റ് - സ്റ്റാഫ് സ്റ്റാറ്റിറ്റിക്സ്**

| സ്റ്റുഡന്റ് സ്റ്റാറ്റിറ്റിക്സ് | | | | | | |
|---|---|---|---|---|---|---|
| | **LKG** | **UKG** | **I** | **II** | **III** | **IV** |
| **Boys** | **5** | **5** | **9** | **4** | **13** | **9** |
| **Girls** | 14 | 2 | 6 | 12 | 10 | 10 |
| **Total** | 19 | 7 | 15 | 16 | 23 | 19 |

| | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|
| **Boys** | 18 | 15 | 16 | 26 | 26 | 20 |
| **Girls** | 9 | 16 | 9 | 12 | 14 | 11 |
| **Total** | 27 | 31 | 25 | 38 | 40 | 31 |

| സ്റ്റാഫ് സ്റ്റാറ്റിറ്റിക്സ് | | | | | |
|---|---|---|---|---|---|
| **അധ്യാപകരുടെ എണ്ണം** | **HST** | **UPST** | **LPST** | **Other** | **Total** |
| | 6 | 4 | 3 | 3 | 16 |
| **അനധ്യാപകരുടെ എണ്ണം** | **CLERK** | **OA** | **FTM** | **Other** | **Total** |
| | 1 | 2 | 1 | 1 | 5 |

**(c) ചരിത്രം**

1909 സെപ്റ്റംബറിൽ സെന്റ് മേരീസ് സ്കൂൾ എന്ന പേരിലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. പിന്നീട് അൽഫോൻസാ മെമ്മോറിയൽ മിഡിൽ സ്കൂളായും 1966 ൽ സെന്റ് മേരീസ് ഹൈസ്കൂളായും ഉയർത്തപ്പെട്ടു. 1970 ൽ ദേവമാതാ ഹൈസ്കൂളായി പുനർനാമകരണം ചെയ്തു. 1969 ൽ ആദ്യ SSLC ബാച്ച് പുറത്തിറങ്ങി. അന്ന് 1200 ൽ അധികം വിദ്യാർത്ഥികളും 40 ൽ അധികം അദ്ധ്യാപകരും ഉണ്ടായിരുന്നു.

**(d) കാഴ്ചപ്പാട്**

അക്കാദമിക മികവിനൊപ്പം ശാരീരികക്ഷമതയും സർഗ്ഗാത്മകതയും മാനുഷിക മൂല്യങ്ങളുമുള്ള ഒരു തലമുറയെ വാർത്തെടുക്കുക. പരിമിതികളെ സാധ്യതകളാക്കി മാറ്റിക്കൊണ്ട് ഓരോ കുട്ടിക്കും ആഗോള നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.

**(e) പ്രധാന ലക്ഷ്യങ്ങൾ**

- അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക.
- 1 മുതൽ 12 വരെ ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക.
- മതനിരപേക്ഷ ജനാധിപത്യ സംസ്കാരം, ലിംഗസമത്വം, പാരിസ്ഥിതികാവബോധം, മാലിന്യ നിർമ്മാർജന അവബോധം, ശാസ്ത്രാവബോധം, വിമർശനാവബോധം എന്നിവയെക്കുറിച്ച് അവബോധമുള്ളവരാക്കി മാറ്റാൻ സഹായകമായ മൂല്യാവബോധന / സന്മാർ-

ഗപഠന ക്ലാസുകൾ നടത്തുക. കൂടാതെ പാഠവിനിമയ പ്രക്രിയയിൽ സന്ദർഭോചിതമായി പാഠാസൂത്രണം ചെയ്ത് ഇത്തരം അവബോധനം ഉൾച്ചേർക്കുക.

- നിശ്ചിത ഇടവേളകളിൽ മൂല്യനിർണ്ണയം നടത്തുകയും ആവശ്യമായ പഠന പിന്തുണ ഉറപ്പുവരുത്തുകയും ചെയ്യുക.
- ഓരോ കുട്ടിയുടെയും പഠനപുരോഗതി രേഖ തയ്യാറാക്കി രക്ഷകർത്താക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് BRC അധ്യാപകരുടെ സഹകരണത്തോടെ തനതു പഠനപ്രവർത്തനങ്ങൾ നടത്തുക.
- പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ-പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തി ജൈവവൈവിധ്യ ഉദ്യാനങ്ങൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.
- സ്കൂൾ പാർലമെന്റ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഉയർന്ന ശേഷി കൈവരിക്കാനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.
- ദിനാചരണങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- കുട്ടികൾക്ക് സ്കൂളിൽ സുരക്ഷിതമായ സാഹചര്യം ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- PSC, Civil Service തുടങ്ങിയ മത്സര പരീക്ഷകൾക്ക് കുട്ടികളെ പ്രാപ്തരാക്കത്തക്കവിധത്തിൽ പ്രത്യേക സിലബസ് തയ്യാറാക്കി UP, HS വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്ന തനതു പ്രവർത്തനം നടത്തുക.

**(f) പുനരവലോകനം - AMC 2025**

2025-26 അധ്യയന വർഷം 264 വിദ്യാർത്ഥികളുമായി 14 അധ്യാപകരും 4 അനധ്യാപകരും സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ജോസഫ് ചാക്കോയുടെ നേതൃത്വത്തിൽ സേവനം ചെയ്തു. LKG, UKG വിഭാഗങ്ങളിലായി ഉണ്ടായിരുന്ന 21 കുട്ടികളെ പരിശീലിപ്പിക്കാൻ രണ്ട് അധ്യാപകരും സേവനം ചെയ്തിരുന്നു . സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ 200 കുട്ടികൾ പങ്കാളികളായിരുന്നു.

AMC 2025 ൽ ലക്ഷ്യം വച്ചിരുന്ന അക്കാദമിക പ്രവർത്തനങ്ങൾ ഭൂരിഭാഗവും നടപ്പിലാക്കാൻ സാധിച്ചു. ഒരോ ക്ലാസിലെയും പാഠഭാഗങ്ങൾ സമഗ്രയിൽ തയ്യാറാക്കിയ മികച്ച പാഠാസൂത്രണത്തിലൂടെ വിനിമയം ചെയ്യാനും, മൂല്യനിർണയം യഥാസമയങ്ങളിൽ നടത്തുവാനും, പഠന പിന്തുണ പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുവാനും സാധിച്ചു. വായന, എഴുത്ത്, അടിസ്ഥാന ഗണിത ക്രിയകൾ എന്നിവയിൽ പഠന പിന്നാക്ക പരിഹാര ബോധന ക്ലാസുകൾ പ്രത്യേകം സമയം കണ്ടെത്തി നടത്തുവാൻ സാധിച്ചു. ദിനാചരണങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും വിദ്യാഭ്യാസ കലണ്ടറുമായി പൊരുത്തപ്പെട്ടു ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും സാധിച്ചു.

ഇംഗ്ലീഷ് ഭാഷയിൽ പ്രാവിണ്യം നേടാൻ ഉതകുന്ന തരത്തിൽ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം നൽകാൻ സാധിച്ചു. വാട്ടർ സ്പോർട്സ് മേഖലയിൽ മികച്ച പരിശീലനം നൽകി ദേശീയ തലത്തിൽ വിജയികളെ നൽകുവാൻ ഈ വിദ്യാലയത്തിന് സാധിച്ചു. നാഷണൽ ഡ്രാഗൺ ബോട്ട് അസോസിയേഷൻ സംഘടിപ്പിച്ച നാഷണൽ ഡ്രാഗൺ ബോട്ട് ചാമ്പ്യൻഷിപ്പിൽ 14 വിദ്യാർത്ഥികൾ പങ്കെടുത്തു വിവിധ ഇനങ്ങളിലായി 43 സ്വർണ്ണ മെഡലുകളും 80 വെള്ളി മെഡലുകളും

41 വെങ്കല മെഡലുകളും കരസ്ഥമാക്കി. നാഷണൽ കനോയിംഗ് കയാക്കിംഗ് അസോസിയേഷൻ 2026 ജനുവരിയിൽ ഭോപ്പാലിൽ വച്ചു നടത്തിയ മത്സരത്തിൽ നാല് കുട്ടികൾ പങ്കെടുത്തു. അതിൽ രണ്ട് കുട്ടികൾക്ക് SSLC പരീക്ഷയിൽ ഗ്രേസ് മാർക്ക് ലഭിച്ചു. കലോത്സവ കായിക ശാസ്ത്ര മേളകളിലും LSS, USS മത്സര പരീക്ഷകളിലും മികച്ച പരിശീലനം നൽകി വിജയികളെ സൃഷ്ടിക്കുവാൻ സാധിച്ചു. ശാസ്ത്ര മേളയിൽ സബ്ജില്ലാ തലത്തിൽ ഓവറോൾ പോയിന്റ് നിലയിൽ ആറാം സ്ഥാനത്തെത്താനും ജില്ലാ തലത്തിൽ വിജയികളെ നൽകാനും സാധിച്ചു. അത്‌ലറ്റിക്സിൽ സബ്ജില്ലാ തലത്തിൽ ഓവറോൾ പോയിന്റ് നിലയിൽ അഞ്ചാം സ്ഥാനവും നീന്തൽ മത്സരങ്ങളിൽ സബ്ജില്ലാ തലത്തിൽ മൂന്നാം സ്ഥാനവും ജില്ലാ തലത്തിൽ നാലാം സ്ഥാനവും നേടിയെടുത്തു. മൂന്നു വിദ്യാർത്ഥികൾ USS ഉം ഒരു വിദ്യാർത്ഥി LSS ഉം നേടി. ലിറ്റിൽ കൈറ്റ്സ്, സ്കൗട്ട് ആൻഡ് ഗൈഡ്, ജൂനിയർ റെഡ്ക്രോസ് തുടങ്ങിയ സംഘടനകളിൽ കുട്ടികളെ പങ്കെടുപ്പിച്ച് അത് ലക്ഷ്യം വെക്കുന്ന ശേഷികൾ നേടിയെടുക്കാൻ കുട്ടികളെ സഹായിച്ചു.

പൂർവ വിദ്യാർത്ഥി സംഘടനയുടെയും കോർപറേറ്റ് മാനേജ്മെന്റിന്റെയും സഹായത്തോടെ സാമ്പത്തികം കണ്ടെത്തി സ്കൂളിന്റെ ആഡിറ്റോറിയം സീലിങ് ചെയ്യാനും അസംബ്ലി സ്റ്റേജ് സീലിംങ് ചെയ്യുവാനും കമ്പ്യൂട്ടർ ലാബിൽ ബാറ്ററി ക്രമീകരിച്ച് ഇൻവർട്ടർ സംവിധാനം പുനക്രമീകരിക്കാനും സ്റ്റാഫ് റൂമിൽ ഷെൽഫുകൾ ക്രമീകരിക്കാനും ഓഫീസിലേക്ക് കളർ പ്രിന്റർ വാങ്ങുവാനും സാധിച്ചു. കുട്ടികൾക്ക് മഴയും വെയിലും കൊള്ളാതെ ഉച്ചഭക്ഷണം വാങ്ങുവാനുള്ള സൗകര്യപ്രദാർത്ഥം പാചകപ്പുരയ്ക്ക് മുമ്പിലും സ്കൂൾ കെട്ടിടത്തിൽ നിന്നും പാചകപ്പുരയിലേക്കുള്ള വഴിയും അലൂമിനിയം ഷീറ്റിട്ട് ഷെഡ് നിർമ്മിച്ചു.

എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം സ്കൂൾ പാർക്കിൽ വേണ്ടത്ര ഉപകരണങ്ങൾ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല. CCTV ക്യാമറകളുടെ പരിപാലനവും വിപുലീകരിക്കലും, കനോയിംഗ് കയാക്കിംഗ് പരിശീലനത്തിനുവേണ്ട ബോട്ടുകളുടെ വാങ്ങലും, കമ്പ്യൂട്ടർ ലാബിലെ കമ്പ്യൂട്ടറുകളുടെ എണ്ണത്തിൽ വരുത്തേണ്ട വർദ്ധനവും, സ്കൂൾ സയൻസ് ലാബിന്റെ നിർമ്മാണവും, സ്കൂളിന്റെ പുറകിലുള്ള സംരക്ഷണഭിത്തി പൂർത്തീകരണവും പാചകപ്പുരയ്ക്ക് സമീപത്തുള്ള കുഴി മണ്ണിട്ടു നികത്തൽ തുടങ്ങിയ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാമ്പത്തിക അപര്യാപ്തതമൂലം സാധിച്ചിട്ടില്ല എന്നത് AMC 2025 ന്റെ പരിമിതിയാണ്.

## II. അവസ്ഥാവിശകലനവും മുൻഗണനകളും

### (a) ഭൗതിക നേട്ടങ്ങൾ പരിമിതികൾ

ഒന്നര ഏക്കർ ഭൂമിയിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 2014 ൽ നിർമ്മിച്ച പുതിയ കെട്ടിടം മൂന്ന് നിലകളോട് കൂടിയുള്ളതാണ്. ഇതിൽ 14 മുറികളും വിശാലവും മികച്ച സൗകര്യങ്ങളുമുള്ള ഒരു ആഡിറ്റോറിയവും ഉൾക്കൊള്ളുന്നു. ഇതുകൂടാതെ 6 മുറികളോടു കൂടിയ മറ്റൊരു കെട്ടിടവും സ്കൂളിന്റെ ഭാഗമാണ്.

മൂന്ന് ക്ലാസ് മുറികൾ KITE ന്റെ നേതൃത്വത്തിൽ ഹൈടെക്ക് ക്ലാസ്റൂമുകളായി മാറ്റിയിട്ടുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. വിദ്യാലയത്തിന് ആവശ്യത്തിനുള്ള ശൗചാലയങ്ങളുണ്ട്. ഉച്ചഭക്ഷണപ്പുരയും, കുടിവെള്ള സൗകര്യവും

Washing Area യും സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളിൽ പെടുന്നു. കുട്ടികൾക്കുവേണ്ടി സ്കൂൾ ബോട്ട് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. CCTV ക്യാമറകൾ സ്കൂളിൽ ഘടിപ്പിച്ചിട്ടുണ്ട്. MLA ഫണ്ടുപയോഗിച്ചു നിർമിച്ച ഒരു ഹൈമാസ്റ്റ് ലൈറ്റും സ്കൂൾ ഗ്രൗണ്ടിൽ സ്ഥാപിച്ചിരിക്കുന്നു.

സ്കൂളിലേക്ക് പ്രധാന പാതകളിൽ നിന്നും റോഡുഗതാഗത സൗകര്യമില്ലാത്തതും പാലമില്ലാത്തതും കുട്ടികൾക്ക് സ്കൂളിലേക്കെത്തിച്ചേരാനുള്ള ഒരു പ്രധാന തടസ്സമായി നിലനിൽക്കുന്നു. സ്കൂൾ വാടക ബോട്ട് സൗകര്യം നിലനിർത്താനാവശ്യമായ സാമ്പത്തികം കണ്ടെത്തുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു. സ്കൂളിന് കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. Kids Park ൽ ആവശ്യത്തിന് ഉപകരണങ്ങൾ ഇല്ലാത്തത് സ്കൂളിന്റെ ഒരു പരിമിതിയാണ്. സ്കൂൾ കമ്പ്യൂട്ടർ ലാബിന്റെ പരിപാലനവും വികസിപ്പിക്കലും, സയൻസ് ലാബിന്റെ പരിപാലനവും വികസിപ്പിക്കലും, കനോയിംഗ് കയാക്കിംഗ് മേഖലകളിലെ ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കൽ, സ്കൂളിന്റെ പുറകിലുള്ള സംരക്ഷണഭിത്തിയുടെ പൂർത്തീകരണം എന്നീ ലക്ഷ്യങ്ങൾ സാമ്പത്തിക അപര്യാപ്തതമൂലം പൂർത്തീകരിക്കാൻ സാധിക്കാത്തത് പരിമിതികളായി കണക്കാക്കാവുന്നതാണ്.

**(b) അക്കാദമിക നേട്ടങ്ങൾ പരിമിതികൾ**

- 2015 മുതൽ തുടർച്ചയായി SSLC യിൽ 100% വിജയം. കഴിഞ്ഞ അക്കാദമിക വർഷം 10 വിദ്യാർത്ഥികൾ മുഴുവൻ A⁺ ഉം നാല് കുട്ടികൾ 9 വിഷയങ്ങൾക്ക് A⁺ ഉം രണ്ട് കുട്ടികൾ 8 വിഷയങ്ങൾക്ക് A⁺ ഉം നേടുകയുണ്ടായി.
- ഭവന സന്ദർശനത്തിലൂടെ കുട്ടികളും മാതാപിതാക്കളും അദ്ധ്യാപകരുമായി നിരന്തരബന്ധം പുലർത്തുന്നു.
- കലോത്സവം, കായികമേള, ശാസ്ത്രോത്സവം എന്നിവയിൽ തിളക്കമാർന്ന വിജയം നിലനിർത്തുന്നു.
- കനോയിംഗ് കയാക്കിംഗ് മേഖലയിൽ മികച്ച പരിശീലനം നൽകുകയും ദേശീയ തലത്തിൽ മെഡലുകൾ നേടിയെടുക്കുകയും ചെയ്യുന്നു.
- LSS, USS, സംസ്കൃതം സ്കോളർഷിപ്പ് തുടങ്ങിയ മത്സര പരീക്ഷകളിൽ മികച്ച പരിശീലനത്തിലൂടെ വിജയം നിലനിർത്താൻ സാധിക്കുന്നു.
- പ്രത്യേക പരിഗണ അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് BRC റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ തനതു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പഠന പിന്തുണ നൽകുന്നു.
- മിഡ് ടേം എക്സാമുകളിലൂടെയും (തനതു പ്രവർത്തനം) വിദ്യാഭ്യാസ വകുപ്പിന്റെ മൂല്യനിർണയ പരീക്ഷകളിലൂടെയും നിർദ്ദിഷ്ട അക്കാദമിക ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് മികച്ച പഠന പിന്തുണ പ്രവർത്തനങ്ങൾ നൽകുന്നു.
- സാമൂഹ്യ സാംസ്കാരിക മൂല്യങ്ങളിലധിഷ്ഠിതമായി വിദ്യാർത്ഥികൾക്ക് മൂല്യബോധന / സന്മാർഗപഠന ക്ലാസുകൾ നൽകുന്നു.
- ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ വിദ്യാർത്ഥികൾക്ക് KCSL, വിൻസെന്റ് ഡി പോൾ സൊസൈറ്റി എന്നിവയിലൂടെ അവസരം നൽകുന്നു.
- PSC, Civil Service തുടങ്ങിയ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന തരത്തിൽ പ്രത്യേക സിലബസ് തയ്യാറാക്കി "DISHA" പ്രോഗ്രാമിലൂടെ കുട്ടികൾക്ക് പരിശീലനം നൽകുന്നു.

- KITE ന്റെ നേതൃത്വത്തിൽ സജ്ജീകരിച്ച മൂന്ന് ഹൈടെക്ക് ക്ലാസ്റൂമുകളിൽ മികച്ച ഓഡിയോ വിഷ്വൽ അനുഭവത്തോടെ HS വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനാനുഭവം നൽകാൻ സാധിക്കുന്നു.
- Little Kite ന്റെ ഒരു യൂണിറ്റ് വിദ്യാലയത്തിൽ പ്രവർത്തിക്കുന്നത് താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പ്രോഗ്രാമിങ്, ആനിമേഷൻ, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യം നേടാൻ സഹായിക്കുന്നു.
- സ്കൗട്ട് യൂണിറ്റിന്റെ പ്രവർത്തനത്തിലൂടെ അനേകം വിദ്യാർത്ഥികൾക്ക് രാജ്യപുരസ്കാർ പരീക്ഷയിൽ വിജയിക്കാൻ സാധിക്കുന്നു.
- JRC യിൽ വിദ്യാർത്ഥികൾ പ്രവർത്തിക്കുകയും സംഘടനയുടെ നിർദ്ദിഷ്ട ലക്ഷ്യങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നു.
- വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തിൽ നടത്തുന്ന YIP, INSPIRE, School Innovation Marathon, Eco Stream Project തുടങ്ങിയ ഭൂരിഭാഗം പരിപാടികളിലും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് അവരുടെ കഴിവ് തെളിയിക്കാൻ അവസരം ഒരുക്കുന്നു.
- വിദ്യാലയാങ്കണത്തിൽ വിദ്യാർത്ഥികൾ ജൈവവൈവിധ്യ ഉദ്യാനം പരിപാലിച്ച് പഠനത്തെ പരിസരബന്ധിയാക്കി മാറ്റുന്നു.
- SSLC പരിക്ഷയിലെ മികച്ച വിജയത്തിന് ആഴ്ചതോറും കുറഞ്ഞത് 10 മണിക്കൂറെങ്കിലും എക്സ്ട്രാ ക്ലാസ് നടത്തുന്നു.
- മലയാള മനോരമ 'നല്ലപാഠം' പദ്ധതിയിലൂടെ വിദ്യാർഥികളിൽ സാമൂഹിക പ്രതിബദ്ധത, സഹാനുഭൂതി, മാനവിക മൂല്യങ്ങൾ എന്നിവ വളർത്തിയെടുക്കാൻ സാധിക്കുന്നു.
- സ്കൂളിൽ ദിനപത്രം വരുത്തുന്നതു വഴിയും സ്കൂൾ അസംബ്ലിയിൽ പത്രവായന പ്രോത്സാഹിപ്പിക്കുന്നതു വഴിയും കുട്ടികളുടെ ഭാഷാശേഷിയും പ്രാവിണ്യവും വർദ്ധിപ്പിക്കുന്നു.

UP, LP ക്ലാസ്റൂമുകൾ കൂടി ഹൈടെക്ക് ക്ലാസ്റൂമുകളാക്കി മാറ്റാൻ സാധിക്കാത്തതും, ലൈബ്രറി പുസ്തകശേഖരം വിപുലീകരിക്കാൻ സാധിക്കാത്തതും, LKG, UKG, LP വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളത്രയും കളിപ്പാട്ടങ്ങൾ ഇല്ലാത്തതും കുട്ടികൾക്ക് വേണ്ടിയുള്ള സ്കൂൾ പാർക്കിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതും കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് മൂലം IT പഠനത്തിൽ വേണ്ടത്ര വ്യക്തിഗത പഠനാനുഭവങ്ങൾ ലഭിക്കാത്തതും സയൻസ് ലാബിൽ ആവശ്യമുള്ള ശാസ്ത്ര ഉപകരണങ്ങളുടെ അഭാവം മൂലം ശാസ്ത്ര പരീക്ഷണ അനുഭവങ്ങളിൽ കുറവുണ്ടാകുന്നതും മുൻ വർഷങ്ങളിൽ നിലവിലുണ്ടായിരുന്നതും സംസ്ഥാന തലത്തിൽ തന്നെ വിജയത്തിളക്കം നേടുവാൻ സാധിച്ചിരുന്നതുമായ വോളി ബോൾ പരിശീലനം നിലനിർത്താൻ സാധിക്കാത്തതും അക്കാദമിക പരിമിതികളായി കണക്കാക്കാവുന്നതാണ്.

### (c) സാധ്യതകൾ വെല്ലുവിളികൾ

ഭൗതിക അക്കാദമിക പരിമിതികൾ പരിഹരിക്കാൻ സാധിച്ചാൽ വാട്ടർ സ്പോർട്സ് മേഖലയിൽ ദേശീയ തലത്തിൽ തന്നെ മികച്ച താരങ്ങളെ സൃഷ്ടിക്കാൻ സാധിക്കും, മികച്ച കമ്പ്യൂട്ടർ വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും നേരിട്ട് അനുഭവവേദ്യമാക്കാൻ സാധിക്കും, മികച്ച ശാസ്ത്ര പരീക്ഷണ അനുഭവങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും അനുഭവവേദ്യമാക്കാൻ സാധിക്കും, കായിക കലോത്സവ ശാസ്ത്ര മേളകളിൽ കൂടുതൽ പ്രതിഭകളെ വാർത്തെടുക്കാൻ സാധിക്കും, മികച്ച അക്കാദമിക നിലവാരം നിലനിർത്താനും സാധിക്കും.

ഈ പരിമിതികൾ പരിഹരിക്കാനുള്ള ഏറ്റവും വലിയ വെല്ലുവിളി സാമ്പത്തികം കണ്ടെത്തലാണ്. പൂർവ വിദ്യാർത്ഥി സംഘടനകൾ, പി.റ്റി.എ, കോർപ്പറേറ്റ് മാനേജ്മെന്റ്, ദേവമാതാ സ്പോർട്സ് അക്കാദമി എന്നിവരിലൂടെ ഇത് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ആവശ്യമായ ഫണ്ട് രൂപീകരിക്കൽ വെല്ലുവിളിയായി തന്നെ തുടരുന്നു.

**(d) പഠനലക്ഷ്യം കൈവരിക്കൽ പഠന പിന്തുണ**

എല്ലാ കുട്ടികളും പഠന ലക്ഷ്യം കൈവരിച്ചെന്ന് ഉറപ്പാക്കാൻ മിഡ് ടേം എക്സാമുകൾ സ്കൂൾ തലത്തിൽ തനതു പ്രവർത്തനമായി നടത്തുന്നു. കൂടാതെ പാദ വാർഷിക പരീക്ഷ, അർധ വാർഷിക പരീക്ഷ, വർഷാന്ത്യ പരീക്ഷ എന്നിവയുടെ റിസൾട്ടുകൾ വിലയിരുത്തി പഠന ലക്ഷ്യം കൈവരിക്കാത്ത കുട്ടികൾക്ക് പ്രത്യേക പരിശീലനം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശ പ്രകാരമുള്ള നിർദ്ദിഷ്ട ദിവസങ്ങളിൽ നൽകുന്നു.

മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ വായന എഴുത്ത് എന്നിവയിൽ പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെയും അടിസ്ഥാന ഗണിത ക്രിയകളിൽ പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെയും കണ്ടെത്തി പ്രത്യേകം പരിശീലനം നൽകുന്നു.

**(e) മുൻഗണനാക്രമത്തിലുള്ള പ്രശ്നങ്ങളും കാരണങ്ങളും**

മേൽ പ്രസ്താവിച്ച അക്കാദമിക പരിമിതികൾ മുൻഗണ നൽകി പരിഹരിക്കേണ്ടതും ഭൗതിക പരിമിതികൾ അതിനു തുടർച്ചയായി പരിഹരിക്കേണ്ടതുമാണ്. ഈ പരിമിതികൾ പരിഹരിക്കാൻ സാധിക്കാത്തതിന്റെ പ്രധാന കാരണം സാമ്പത്തിക സ്രോതസ് കണ്ടെത്താൻ സാധിക്കാത്തതാണ്.

## III. ലക്ഷ്യങ്ങൾ

**(a) ഹ്രസ്വകാല ലക്ഷ്യങ്ങൾ**

- സ്കൂൾ തുറക്കുന്നതിനു മുമ്പ് കെട്ടിടം പെയിന്റ് ചെയ്യുക. മെയിന്റനൻസ് വർക്കുകൾ ചെയ്യുക.
- ജൈവവൈവിധ്യ ഉദ്യാന പരിപാലനവും വികസിപ്പിക്കലും.
- കമ്പ്യൂട്ടർ പ്രോഗ്രാമിങ്, റോബോട്ടിക്സ് എന്നീ മേഖലകളിൽ താൽപര്യമുള്ള കുട്ടികളുടെ ശേഷി വികസിപ്പിക്കൽ – ലിറ്റിൽ കൈറ്റ്സ് പരിപാടികളിൽ ഭാഗഭാക്കുകളായിക്കൊണ്ട്.
- കുട്ടികളുടെ വായനശീലം വികസിപ്പിക്കൽ – ലൈബ്രറി ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിലൂടെ.
- ഈ അക്കാദമിക വർഷത്തിലും വാട്ടർ സ്പോർട്സിൽ ജില്ലാ, സംസ്ഥാന, ദേശിയ തലത്തിൽ വിജയികളെ വാർത്തെടുക്കാൻ തക്ക രീതിയിൽ കനോയിംഗ് കയാക്കിംഗ് നീന്തൽ പരിശീലനങ്ങൾ ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ശാസ്ത്രോത്സവം, കായികമേള, കലോത്സവം എന്നിവയിൽ ഈ വിദ്യാലയം പിന്തുടർന്നു പോരുന്ന മികവ് ഈ അക്കാദമിക വർഷവും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക.
- മികച്ച രീതിയിൽ പഠന പിന്തുണ പ്രവർത്തനങ്ങൾ നൽകുക.
- Scout, JRC എന്നീ സംഘടനകളുടെ പ്രവർത്തനം തുടരുക.

- PSC, Civil Service തുടങ്ങിയ മത്സരപരീക്ഷകൾക്ക് കുട്ടികളെ തയ്യാറാക്കുക - DISHA പ്രവർത്തനത്തിലൂടെ.
- മൂല്യബോധന ക്ലാസുകൾ മികച്ച രീതിയിൽ തുടരുക.
- LSS, USS, NMMSE സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികൾക്ക് പരിശീലനം നൽകുക.
- SSLC പരിക്ഷയെയുതുന്ന കുട്ടികൾക്ക് പഠന പിന്തുണ എക്സ്ട്രാ ക്ലാസ് എടുക്കുന്നത് തുടരുക.

**(b) ദീർഘകാല ലക്ഷ്യങ്ങൾ**

- കനോയിംഗ് കയാക്കിംഗ് ബോട്ടുകളുടെ എണ്ണം വർദ്ധിപ്പിക്കൽ
- സ്കൂൾ പാർക്ക് നിർമ്മാണം, പരിപാലനം, വികസിപ്പിക്കൽ
- CCTV പരിപാലനവും വിപുലപ്പെടുത്തലും.
- സ്കൂൾ ലൈബ്രറി വിപുലപ്പെടുത്തൽ
- സ്കൂളിന്റെ പുറകുവശം സംരക്ഷണഭിത്തി കെട്ടുക.
- കമ്പ്യൂട്ടർ ലാബ് വിപുലപ്പെടുത്തൽ
- സയൻസ് ലാബ് വിപുലപ്പെടുത്തൽ.
- സ്കൂൾ ഗ്രൗണ്ട് ലെവൽ ചെയ്യലും ആധുനീകരിക്കലും.
- സ്കൂളിന്റെ പാചകപ്പുരയോട് ചേർന്ന് താഴ്ന്ന ഭാഗങ്ങൾ മണ്ണിട്ടുയർത്തൽ.
- സ്കൂളിന്റെ പഴയ രണ്ട് കെട്ടിടങ്ങളുടെ നവീകരിക്കൽ.

## IV. പ്രവർത്തന പദ്ധതി

**(a) പൊതുവായ പ്രവർത്തനങ്ങൾ**

**ഭവനസന്ദർശനം :** 2025 ഡിസംബർ മുതൽ തന്നെ വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു തുടങ്ങി. പരീക്ഷാ ഡ്യൂട്ടിയില്ലാത്ത അധ്യാപകർ ആ ദിവസങ്ങളിൽ വിവിധ ഗ്രൂപ്പുകളായി പല ഭാഗങ്ങളിലേക്ക് പോവുകയും രക്ഷകർത്താക്കളുമായി സംവദിക്കുകയും ചെയ്തു. അവരുടെ പരാതികളും അഭിപ്രായങ്ങളും കേൾക്കുകയും ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ കൂടുതൽ മെച്ചപ്പെടുത്തൽ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**April :** അഡ്മിഷൻ പ്രവർത്തനങ്ങൾ
സ്കൗട്ട് & ഗൈഡ്സ് ക്യാമ്പ്
പരീക്ഷ പേപ്പർ മൂല്യ നിർണയം
Promotion List തയ്യാറാക്കൽ

**May :** അഡ്മിഷൻ പ്രവർത്തനങ്ങൾ
Teacher Training
സ്കൂൾ കെട്ടിടം പെയിന്റിഗും മെയിന്റനൻസ് വർക്കും ചെയ്യുക.
പുസ്തക വിതരണം
Scouts Thrithya Sopan Exam
Little Kites School Camp
Class PTA – Std X
Staff Meeting, SRG
School Cleaning and Safety Precautions

**പ്രവേശനോത്സവം** : മെയ് മാസത്തിൽ ആസൂത്രണം ചെയ്ത് സ്കൂൾ തുറക്കുന്ന പ്രവർത്തി ദിനം നടത്തണം.

**വിജയോത്സവം :** SSLC വിജയികളെ അനുമോദിക്കുന്ന വിജയോത്സവം ജൂലൈ മാസത്തിൽ ആസൂത്രണം ചെയ്ത് നടത്തണം.

**സബ്ജില്ലാ ശാസ്ത്ര മേള :** ഈ അക്കാദമിക വർഷത്തെ സബ്ജില്ലാ ശാസ്ത്ര മേള ദേവമാതാ ഹൈസ്കൂളിൽ വച്ച് സംഘടിപ്പിക്കുന്നതിനാൽ അതിനുള്ള ഒരുക്കങ്ങൾ ആഗസ്റ്റ് മാസത്തോടെ ആസൂത്രണം ചെയ്ത് തയ്യാറാകണം.

**സ്കൂൾ തല മത്സരങ്ങൾ :** സ്കൂൾ തല കായിക മേള, കലോത്സവം, ശാസ്ത്രോത്സവം എന്നിവ ആസൂത്രണം ചെയ്ത് സെപ്റ്റംബർ മാസത്തോടെ പൂർത്തീകരിക്കണം.

**സെലിബ്രേഷൻസ് :** സ്വാതന്ത്ര്യ ദിനം, ഓണം, ക്രിസ്മസ് തുടങ്ങിയ ആഘോഷദിവസങ്ങളുടെ സ്കൂൾ തല പരിപാടികൾ ആസൂത്രണം ചെയ്യണം.

**സ്കൂൾ വാർഷികം** : ജനുവരിയിൽ ആസൂത്രണം ചെയ്ത് നടത്തണം.

**പഠനോത്സവം** : ഫെബ്രുവരിയിൽ ആസൂത്രണം ചെയ്ത് നടത്തണം.

**(b) അക്കാദമിക പ്രവർത്തനങ്ങൾ**

| ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP Class 1 | | | |
|---|---|---|---|
| മലയാളം | | ഇംഗ്ലീഷ് | |
| മാസം | പ്രവർത്തനം | മാസം | പ്രവർത്തനം |
| Jun | സ്വര അക്ഷരങ്ങൾ പരിചയപ്പെടുത്തൽ, സംയുക്ത ഡയറി, പഠനക്കൂട്ടം, വായനക്കൂടാരം, അമ്മ വായന, കുട്ടിക്കുടുക്ക | Jun | Alphabet (A-Z), Phonics (a-z) |
| Jul | വ്യഞ്ജനങ്ങൾ പഠനവും ഉച്ചാരണവും | Jul | Vocabulary: Colours, Fruits, Body Parts |
| Aug | വാക്കുകൾ നിർമ്മിക്കൽ, ചിത്രവായന | Aug | Simple sentences: This is..., That is... |
| Sep | കഥ പറയൽ, അക്ഷരവിന്യാസം | Sep | Reading: 2-3 letter words, Sight words |

| | | | |
|---|---|---|---|
| Oct | വായന പരിശീലനം, ചോദ്യോത്തരങ്ങൾ | Oct | Storytelling, Rhymes |
| Nov | ലളിതം എഴുത്ത്, വാക്യ നിർമ്മാണം | Nov | Grammar: a/an, Singular/Plural |
| Dec | കവിതാപഠനം, അവതരണം | Dec | Sentence Writing, Picture Reading |
| Jan | വിവരണാത്മക എഴുത്ത് പരിശീലനം | Jan | Comprehension & Fill in the blanks |
| Feb | ആവർത്തനം, പ്രവർത്തനപരീക്ഷണം, മൊഴികിലുക്കം, ലോലിപോപ്പ് കാർണിവൽ | Feb | Myself, My Family - Speaking |
| Mar | പരീക്ഷകൾ, മൂല്യനിർണ്ണയം | Mar | Revision, Oral & Written Test |
| **ഗണിതം** | | **പരിസ്ഥിതിപഠനം** | |
| **മാസം** | **പ്രവർത്തനം** | **മാസം** | **പ്രവർത്തനം** |
| Jun | Numbers 1-10, Number Names | Jun | എന്റെ ശരീരം, എനിക്ക് സ്വഭാവമുള്ളത് |
| Jul | Numbers 11-20, Shapes | Jul | എന്റെ കുടുംബം, വീട് |
| Aug | Before/After/Between Numbers | Aug | എന്റെ സ്കൂൾ |
| Sep | Addition up to 10 | Sep | ഭക്ഷണവും വെള്ളവും |
| Oct | Subtraction up to 10 | Oct | പ്രകൃതിയും കാലാവസ്ഥയും |
| Nov | Numbers 21-50, Skip Counting | Nov | മൃഗങ്ങളും പക്ഷികളും |
| Dec | Patterns and Sequences | Dec | അടിസ്ഥാനം - വസ്ത്രം, താമസസ്ഥലം |
| Jan | Measurement: Long/Short, Heavy/Light | Jan | ഗതാഗതവും സുരക്ഷയും |
| Feb | Time (Clock), Money (Coins) | Feb | ആരോഗ്യവും ശുചിത്വവും |
| Mar | Revision and Assessment | Mar | പുനരാവർത്തനം, പരീക്ഷ |

| ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP Class 2 | | | |
|---|---|---|---|
| **മലയാളം** | | **ഇംഗ്ലീഷ്** | |
| **മാസം** | **പ്രവർത്തനം** | **മാസം** | **പ്രവർത്തനം** |
| Jun | അക്ഷരപരിചയം, സ്വര വ്യഞ്ജനങ്ങൾ, ഡയറി എഴുത്ത് | Jun | Alphabet recap, Phonics sounds |
| Jul | വാക്കുകൾ രൂപപ്പെടുത്തൽ, ചിത്രവായന | Jul | Vocabulary: Animals, Fruits, Colours |
| Aug | കഥകളും കവിതകളും പഠിക്കൽ, കുട്ടിപത്രം തയ്യാറാക്കൽ | Aug | Simple sentences & Sight words |
| Sep | വാക്യ നിർമ്മാണം, വായനാ പരിശീലനം | Sep | Story reading and Q&A |
| Oct | ലളിത എഴുത്ത്, ലേഖനം | Oct | Grammar: Nouns, Pronouns |
| Nov | സംഭാഷണം, ലഘുകഥ | Nov | Verb usage, Picture description |
| Dec | പുനരാവർത്തനം | Dec | Paragraph writing, Rhymes |
| Jan | പുസ്തകാവലോകനം, പ്രസംഗം | Jan | Letter writing (informal) |
| Feb | പ്രവർത്തനപരീക്ഷണം | Feb | Speaking practice & Listening activities |
| Mar | പരീക്ഷയും മൂല്യനിർണ്ണയവും | Mar | Revision and Assessment |
| **ഗണിതം** | | **പരിസ്ഥിതിപഠനം** | |
| **മാസം** | **പ്രവർത്തനം** | **മാസം** | **പ്രവർത്തനം** |
| Jun | Numbers up to 100, Place value | Jun | Myself and My Family |
| Jul | Addition & Subtraction within 100 | Jul | Our Neighbourhood |
| Aug | Multiplication basics | Aug | Plants around us |
| Sep | Shapes and Patterns | Sep | Animals and their Homes |

| | | | |
|---|---|---|---|
| Oct | Measurement (Length, Weight) | Oct | Water and Its Uses |
| Nov | Money: Coins and Notes | Nov | Air, Sun and Weather |
| Dec | Time: Clock and Calendar | Dec | Food and Health |
| Jan | Data handling | Jan | Transport and Travel |
| Feb | Problem Solving | Feb | Safety and Cleanliness |
| Mar | Revision & Exam | Mar | Project and Evaluation |

| **ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP Class 3 മലയാളം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| **സാഹിത്യ പ്രതിഭകളെ അടുത്തറിയാം** | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>2) പുസ്തക ശേഖരണവും പ്രദർശനവും<br>3) ചിത്ര ഗ്യാലറി | Jun<br>Jun,<br>Dec<br>Jan | അദ്ധ്യാപകർ, SMC mPTA, Clubs | **SMC** |
| **വായനാ പരിപോഷണം** | 1) പൊതുസമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം<br>2) വായനാക്കളരി<br>3) നാട്ടുവായന: പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | Nov<br>ആഴ്ചയിൽ<br>Aug | വായനശ ാല, SMC, SRG<br>ക്ലബുകൾ, സാഹിത്യ ക്ലബ് | ക്ലബ്, SMC, SRG വായനശാല |

| **ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP Class 3 ഇംഗ്ലീഷ്** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| **വായന ആശയം അറിഞ്ഞും ഒഴുക്കോടെയും** | ക്ലാസ് ലൈബ്രറി വികസനം<br>വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ,<br>വായനാക്യാമ്പുകൾ, | ജൂൺ - മാർച്ച്<br>മാസത്തിൽ ഒന്ന്<br>3 മാസത്തിൽ | ക്ലബുകൾ, സാഹിത്യ | ക്ലബ്, **SMC** |

| | | | | |
|---|---|---|---|---|
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ഒന്ന്<br>ജൂൺ - മാർച്ച് | ക്ലബ് | |

| ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP Class 3 പരിസര പഠനം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| **ശാസ്ത്രാവബോധം വളർത്തുക** | കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ<br>കണ്ടെത്തുന്നു, കുറിപ്പു തയ്യാറാക്കൽ | Jun, Jul, Aug | | |
| **പ്രകൃതി വിഭവ സംരക്ഷണം** | ജൈവ-വൈവിധ്യ പാർക്ക്, തടയണ, മഴക്കുഴി നിർമ്മാണം, ജലസ്രോതസ്സുകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | Jul | | |
| **ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ** | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം പരീക്ഷണം വീട്ടിനകത്തും, ശാസ്ത്ര മാസികകൾ | Dec | | |

| ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP Class 4 | | | |
|---|---|---|---|
| **മലയാളം** | | **ഇംഗ്ലീഷ്** | |
| **മാസം** | **പ്രവർത്തനം** | **മാസം** | **പ്രവർത്തനം** |
| Jun | കവിത പഠനം, ആമുഖം, പാഠപരിചയം | Jun | Reading short stories, Vocabulary introduction |
| Jul | വാക്കുകൾ നിർമ്മിക്കുക, വാചകങ്ങൾ | Jul | Grammar: Nouns, Verbs, Sentences |
| Aug | കഥാ പഠനം, ആശയവിനിമയം | Aug | Writing Skills: Picture Composition |

| | | | |
|---|---|---|---|
| Sep | വായന പരിശീലനം, വ്യാകരണം | Sep | Reading Comprehension, Q&A |
| Oct | വിവരണാത്മക എഴുത്ത് | Oct | Tenses and Usage |
| Nov | കാവ്യാംശങ്ങൾ, ലഘുകഥ | Nov | Poem appreciation, Synonyms/Antonyms |
| Dec | സംഭാഷണങ്ങൾ, ലേഖനം | Dec | Informal letter writing |
| Jan | പ്രബന്ധം എഴുതുക | Jan | Essay Writing, Paragraph Writing |
| Feb | പുനരാവർത്തനം | Feb | Oral Practice, Conversation |
| Mar | പരീക്ഷയും മൂല്യനിർണ്ണയവും | Mar | Revision & Examination |
| **ഗണിതം** | | **പരിസ്ഥിതിപഠനം** | |
| **മാസം** | **പ്രവർത്തനം** | **മാസം** | **പ്രവർത്തനം** |
| Jun | Numbers up to 10000, Place value | Jun | Living and Non-living things |
| Jul | Addition & Subtraction | Jul | Food and Nutrition |
| Aug | Multiplication & Division | Aug | Plants and their uses |
| Sep | Word Problems | Sep | Animals-Domestic and Wild |
| Oct | Fractions, Shapes | Oct | Weather and Seasons |
| Nov | Measurement: Length, Weight, Volume | Nov | Our Body and Cleanliness |
| Dec | Time & Calendar | Dec | Natural Resources |
| Jan | Money and Bills | Jan | Means of Transport and Communication |
| Feb | Data handling & Patterns | Feb | Safety Rules / Assessment & Revision |
| Mar | Assessment and revision | Mar | Project, Revision & Evaluation |

| **വിഷയ തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP മലയാളം** | | | | | |
|---|---|---|---|---|---|
| **പഠന നേട്ടം** | **പ്രവർത്തനങ്ങൾ** | **പ്രവർത്തന വിശദീകരണം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |

| | | | | | |
|---|---|---|---|---|---|
| അക്ഷര<br>സ്ഫുട<br>തയോ<br>ടെയും<br>ഒഴു<br>ക്കോടെ<br>യും<br>ആശയ<br>വ്യക്ത<br>തയോ<br>ടെയുമു<br>ള്ള<br>വായന | വായിക്കാം<br>, എഴുതാം.<br>വായിക്കാം | കൂട്ടുകാർക്ക് മുന്നിൽ<br>ഒഴുക്കോടെയുള്ള ഉച്ചത്തിൽ<br>വായന.<br>നിശബ്ദ വായന.<br>വായനാ കാർഡ് നോക്കി<br>നോട്ട്ബുക്കിൽ എഴുതൽ.<br>നിശബ്ദ വായന.<br>ഉച്ചത്തിൽ വായന<br>വായനാകാർഡ് നൽകുന്നു. | 2 ആഴ്ച | ക്ലാസ്<br>അ<br>ദ്ധ്യാപി<br>ക | |
| | വായിക്കാം<br>, എഴുതാം.<br>വായിക്കാം<br>.<br>തുടർപ്രവ<br>ർത്തനം | കുട്ടിക്ക് ഒരു വായനാകാർഡ്<br>നൽകുന്നു.<br>വായനാ കാർഡ് നോക്കി<br>നോട്ട്ബുക്കിൽ എഴുതൽ.<br>കുട്ടി രക്ഷിതാവിന് വായനാകാർഡ്<br>വായിച്ച് കേൾപ്പിക്കുന്നു.<br>കുട്ടി വായിക്കുന്നതിന്റെ<br>ഓഡിയോ/വീഡിയോ അയച്ച്<br>തരുന്നു. | 2 ആഴ്ച | | |
| | ആശയം<br>പറയാം | നിശബ്ദ വായന. കുട്ടിക്ക് കഥ<br>പുസ്തകം/ വായനാ കാർഡ്<br>നൽകുന്നു.<br>വായിച്ചറിഞ്ഞ ആശയം പറയൽ.<br>ആവശ്യമെങ്കിൽ<br>ആവർത്തനവായന.<br>കൂട്ടുകാർക്ക് മുന്നിൽ<br>ഒഴുക്കോടെയുള്ള ഉച്ചത്തിൽ<br>വായന. | ജൂൺ | | |

| | | | | | |
|---|---|---|---|---|---|
| | ആശയം പറയാം തുടർപ്രവർത്തനം | കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു. കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു. വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ | | |
| | വായിക്കാം കൂട്ടുകാരെ | കുട്ടിക്ക് വായനാകാർഡ് നൽകുന്നു. നിശബ്ദ വായന, ഉച്ചത്തിൽ വായന. കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ - ജൂലൈ | ക്ലാസ് അധ്യാപിക | |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു. കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു. കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | ജൂൺ - ജൂലൈ | | |
| | വായിക്കാം .. അഭിപ്രായം പറയാം | കുട്ടികൾക്ക് കഥ കാർഡ് നല്കുന്നു. വായിച്ച് അവതരിപ്പിക്കാൻ അവസരം നല്കുന്നു. കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ - ഓഗസ്റ്റ് | | |

| | | | | | |
|---|---|---|---|---|---|
| | ക്ലാസ് റൂം ലൈബ്രറി | ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു. ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു. പുസ്തക വിതരണം, വായന, വായനനുഭവം പങ്കുവെയ്ക്കൽ. | Jun - Oct | | |
| കവിത, കഥ എന്നിവ കേട്ടും സ്വന്തം ഭാഷയിൽ പറ | കഥ കാണാം. എഴുതാം | കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം. കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം. അധ്യാപികയുടെ ഇടപെടൽ, മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച | | |
| ഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം തുടർപ്രവർത്തനം: | രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു. കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച | ക്ലാസ് അധ്യാപിക | |
| | ചിത്രത്തിലെന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു. ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം. വിവരണം എഴുതൽ, അധ്യാപികയുടെ ഇടപെടൽ, രചന മെച്ചപ്പെടുത്തൽ. | 2 ആഴ്ച | | |

| | | | | | |
|---|---|---|---|---|---|
| | എന്തെല്ലാം കാഴ്ചകൾ | കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പെഴുതാൻ അവസരം. എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു. | 2 ആഴ്ച | | |
| | കവിത പൂർത്തി യാക്കാം / പാടി അവതരി പ്പിക്കാം | കവിത പൂർത്തിയാക്കാൻ അവസരം. കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു. കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു<br>ഉദാഹരണത്തിന്:<br>വീട്ടുപുസ്തക പൂന്തോട്ടത്തിൽ<br>വാർത്തയെന്തുണ്ട്?...<br>വാർത്തയെന്തുണ്ട്?<br>നാട്ടുമാവ് പൂത്തുലഞ്ഞ വാർ<br>ത്തയുണ്ടല്ലോ<br>വീട്ടുപുസ്തക പൂന്തോട്ടത്തിൽ<br>വാർത്തയെന്തുണ്ട്?<br>മാഞ്ചുവട്ടിൽ മാങ്ങവീണ വാർ<br>ത്തയുണ്ടല്ലോ?<br>----------------------------------------<br>---------------------------------------<br>കുട്ടി എഴുതി കവിത രക്ഷിതാവിന് പാടിക്കേൾപ്പിക്കുന്നു.<br>കവിത പാടുന്നതിന്റെ ഓഡിയോ/വീഡിയോ അയക്കുന്നു. | Jun - Sep | | |

| | | | | | |
|---|---|---|---|---|---|
| | സർ ഗാത്മക രചന | കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം.<br>കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ / നിർ ദ്ദേശങ്ങൾ നൽകുന്നു.<br>കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | Jun - Oct | | |
| | ക്ലാസ് റൂം ലൈബ്രറി | വായനക്കുറിപ്പ് | Aug - Mar | | |
| | മൊഴി കിലുക്കം | കുട്ടികളുടെ കൈയ്യെഴുത്തു മാസിക പ്രകാശനം | Feb | ക്ലാസ് അധ്യാപിക | |
| | ലോലിപോപ്പ് കാർ ണിവൽ | കുട്ടികളുടെ കഴിവുകളെ പ്രകടിപ്പിക്കാനുള്ള വേദിയൊരുക്കി ലോലി പോപ്പ് കാർണിവൽ സംഘടിപ്പിക്കുന്നു. | Mar | ക്ലാസ് അധ്യാപിക | |

**വിഷയ തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP ഇംഗ്ലീഷ്**

| Learning Outcomes | Activities | Activity Details | Duration | In charge | Finance |
|---|---|---|---|---|---|
| Describes the pictures | Picture Description | The teacher shows a picture.<br>Discussion.<br>The children talk about the picture.<br>Slow learners: Gives opportunity to express their idea in Malayalam. | Jul - Aug | Class teacher | |
| Arranges word in alphabetical order | Dictionary | Introducing the dictionary.<br>Gives words.<br>Arranging words in alphabetical order. | Jul - Mar | | |

| | | | | | |
|---|---|---|---|---|---|
| Adds more exchanges to the Conversation | Conversation | Reading the conversation.<br>Conversation is acting with friends.<br>Adds more exchanges to the Conversation.<br>Slow learners: Gives opportunity to express their idea in Malayalam. | Jul - Mar | | |
| Identifies rhyming words from the poem | Rhyming words | Plays the audio of song.<br>Let the learner sing after the audio.<br>Discussion.<br>Identifies rhyming words. | Jul - Sep | | |
| Add lines to a poem following a set pattern | Add more lines | Plays the audio song.<br>Let the learner sing after the audio.<br>Adds lines to the poem | Jul to Dec | Class teacher | |
| Reads and understands the given stories and poems | Let’s read | Provides the opportunity to read simple stories and poems.<br>They tell the story they read. | Dec to Mar | | |
| Makes simple riddles | Riddles | Gives children the opportunity to hear and answer simple riddles.<br>Makes simple riddles<br>Slow learners : Gives opportunity to express their idea in malayalam | Aug to Mar | | |
| Undertakes simple project work given | Project works | Gives instructions<br>Data collection<br>Codifying | Oct to Mar | | |

| വിഷയ തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP പരിസര പഠനം | | | | | |
|---|---|---|---|---|---|
| **പഠനനേട്ടം** | **പ്രവർത്തനങ്ങൾ** | **പ്രവർത്തന വിശദീകരണം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |

| | | | | | |
|---|---|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | പ്രകൃതി നടത്തം | * ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>* പ്രത്യേകതകൾ മനസ്സിലാക്കാം.<br>* വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം.<br>* ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച ചെയ്യാം.<br>* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടലുകൾ ചർച്ച ചെയ്യാം. | Jun - Oct | ക്ലാസ് അദ്ധ്യാപിക | |
| പ്രകൃതി സംരക്ഷണം | പൂന്തോട്ട ം ഒരുക്കാം , ഒരു തൈ നടാം | * സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ.<br>* വീട്ടിൽ പൂന്തോട്ടം ഒരുക്കാം.<br>* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷതൈ നടീലും പരിപാലനവും.<br>* വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | ജൂൺ – മാർച്ച് (ദാഹജലം: മാർച്ച് - മെയ്) | | |
| ബോധവൽക്കരണം | പോസ്റ്റർ നിർമാണം | * പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കി പരിസരങ്ങളിൽ പതിക്കൽ. | | | |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ദിനകൃത്യങ്ങൾ | * പ്രഭാത കൃത്യങ്ങൾ കഴിഞ്ഞു മാത്രം സ്കൂളിൽ വരിക എന്ന ബോധം ഉറപ്പിക്കുന്നു.<br>* പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു.<br>* ക്ലാസ് തലത്തിൽ ശുചിത്വ മത്സരം നടത്തുന്നു. | ജൂൺ - മാർച്ച് | | |
| മികച്ച ശുചിത്വം | നംബർ വൺ | * വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് | | |

| | | | | | |
|---|---|---|---|---|---|
| | പരിസര നടത്തം | * നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം.<br>* മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്താം.<br>* പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ | അദ്ധ്യാപിക, ക്ലാസ് | |
| | നല്ല ശീലം | * പോസ്റ്ററുകൾ തയ്യാറാക്കാം.<br>* പരിസരങ്ങളിൽ പതിക്കാം. | ജൂലൈ - മാർച്ച് | | |
| ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ഫീൽഡ് ട്രിപ്പ് | * നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു (കുളം, വയൽ, കാട് തുടങ്ങിയവ). | ജനുവരി - മാർച്ച് | | |
| | പരീക്ഷണങ്ങൾ | * ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി | | |
| | ശാസ്ത്രജ്ഞനോടൊപ്പം | * മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു. | ഡിസംബർ - ഫെബ്രുവരി | | |
| | പക്ഷി നിരീക്ഷണം | * ക്യാമ്പ്<br>* പക്ഷി നിരീക്ഷണത്തിന് ക്യാമ്പ് ഒരുക്കുന്നു. | ജനുവരി - മാർച്ച് | | |

| **വിഷയ തല അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : LP ഗണിതം** | | | | | |
|---|---|---|---|---|---|
| **പഠനനേട്ടം** | **പ്രവർത്തനങ്ങൾ** | **പ്രവർത്തന വിശദീകരണം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |

| | | | | | |
|---|---|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു, എഴുതുന്നു.) | നറുക്കെടുക്കാം | സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നല്കുന്നു. കിട്ടിയ സംഖ്യ വായിക്കാം. മറ്റുള്ളവർ സംഖ്യ എഴുതുന്നു. | 1 ആഴ്ച | ക്ലാസ് അദ്ധ്യാപിക | |
| | 10 ചങ്ങാതിമാർ | സംഖ്യ നറുക്കെടുക്കുന്നു. കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | Jun | | |
| | പാറ്റേൺ പൂർത്തിയാക്കാം | വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. | Jun-Sep | | |
| | ക്രമത്തിലാക്കാം | വ്യത്യസ്ത സംഖ്യകൾ നല്കുന്നു. ആരോഹണക്രമം, അവരോഹണക്രമം എഴുതാം. | Jun - Aug | | |
| മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം | ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം. കളി നോട്ട്/ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. | Jun | | |
| | സംഖ്യാസൂര്യൻ | ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം. ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 Weeks | | |

| | | | | | |
|---|---|---|---|---|---|
| | ക്രമീകരിക്കാം | സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമിക്കാം. | Jun - Sep | | |
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ക്ലാസ്സിൽ ഒരു കട / കച്ചവട കണക്ക് | കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി തുടങ്ങിയവ ചേർത്ത് അവയ്ക്ക് വില നല്കി കട ക്രമീകരിക്കുന്നു.<br>ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു.<br>ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു.<br>കടക്കാരനും, കസ്റ്റമറും കുട്ടികൾ തന്നെ.<br>സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>പ്രയാസങ്ങൾ ഗ്രൂപ്പിൽ/അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | Feb | | |

| | | | | | | |
|---|---|---|---|---|---|---|
| | സമയച<br>ക്രം | ബ്ലാക്ക് & വൈറ്റ് ചാർട്ട്<br>ഉപയോഗിച്ച് സമയ ചക്രം<br>തയ്യാറാക്കുന്നു (am & pm).<br>സമയവുമായി ബന്ധപ്പെട്ട<br>പ്രായോഗിക പ്രശ്ന<br>പരിഹരണത്തിന്<br>ഉപയോഗപ്പെടുത്തുന്നു. | Jul | | | |
| ചതുഷ്ക്രിയക<br>ൾ<br>ഉറപ്പിക്കുന്നു | സംഖ്യ<br>ചക്രം | സംഖ്യ ചക്രം കറക്കി 2<br>സംഖ്യകൾ<br>തെരഞ്ഞെടുക്കുന്നു.<br>അവ തമ്മിലുള്ള സങ്കലനം,<br>വ്യവകലനം, ഗുണനം,<br>ഹരണം എന്നിവ വഴി<br>ചതുഷ്ക്രിയകൾ<br>ഉറപ്പിക്കുന്നു. | Jul -<br>Mar | | | |
| | ഭാഗ്യവാ<br>നെ<br>കണ്ടെ<br>ത്താം | അദ്ധ്യാപകൻ ബോർഡിൽ<br>ഒരു സംഖ്യ എഴുതുന്നു.<br>വിവിധ ക്രിയകൾ അടങ്ങിയ<br>നറുക്കുകൾ കുട്ടികൾക്ക്<br>തെരഞ്ഞെടുക്കാൻ<br>അവസരം നല്കുന്നു.<br>ക്രിയ ചെയ്യാം.<br>ആരുടെ ഉത്തരം ആണ്<br>ബോർഡിൽ ഉള്ളതെന്ന്<br>കണ്ടെത്താം. | Jul -<br>Feb | | | |

| | | | | | |
|---|---|---|---|---|---|
| | ജോഡി കണ്ടെ ത്താം | വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നല്കുന്നു. കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | Aug - Feb | | |

| **അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : UP മലയാളം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു.<br><br>**ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ | **വാർത്താലോകത്തേക്ക്:** പത്രം, | എല്ലാദ | മലയാ | |

| | | | | |
|---|---|---|---|---|
| അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>**വാർത്താവായന :** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | ിവസവും<br>പ്രതി മാസം | ളം അധ്യാപകർ<br>മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വികസിപ്പിക്കുക | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | ഹെഡ് മിസ്ട്രസ്, മലയാളം അധ്യാപകർ | PTA |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം<br>വർഷാവസാനം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ് |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : UP ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear:** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്തത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | Jul | ഇംഗ്ലീഷ് അധ്യാപകർ | |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | Jun | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News:** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | Nov | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man:** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. ശരിയായ ഉച്ചാരണം റെക്കോർഡ് ചെയ്തത് കേൾപ്പിക്കുന്നു. | Jun | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | **Treasure Hunt:** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | Aug | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | **Meet the Foreigner:** തനത് ഭാഷ സംസാരിക്കുന്നവരുമായി ആശയവിനിമയം അവസരം നൽകുന്നു. | Year wise | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show:** ഒരു നിശ്ചിത ആശയം നൽകി ഇംഗ്ലീഷിൽ ഏകാങ്ക നാടകം അവതരിപ്പിക്കുന്നു. | Oct | ഇംഗ്ലീഷ് അധ്യാപകർ | |
| | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാ കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുന്നവർക്ക് സമ്മാനം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്). | Jul | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder:** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി വായിക്കുന്നവർക്ക് ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | Sep | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | **F.M. Corner:** വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | Once in a term | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month:** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകുന്നു. Reader of the Month നെ മാസം തോറും ആദരിക്കുന്നു. | Monthly | ഇംഗ്ലീഷ് അധ്യാപകർ | |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets:** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | At year end | ഇംഗ്ലീഷ് അധ്യാപകർ | |
| | **Alert Zone:** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | Celebration days | ഇംഗ്ലീഷ് അധ്യാപകർ | |
| | **Run Baby Run:** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | Feb | ഇംഗ്ലീഷ് അധ്യാപകർ | |
| | **Fun time Funda:** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | Eng periods | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp:** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play, നാടകം എന്നിവ പ്രച്ഛന്നവേഷമായി ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി/ഫിലിം ഷോ ഒരുക്കുന്നു. | At year end | ഇംഗ്ലീഷ് അധ്യാപകർ | |

| **അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : UP ഹിന്ദി** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| **1) 5, 6, 7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ:** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. അക്ഷരങ്ങൾ പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട്, സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| **ഹിന്ദി വായന:** തെറ്റില്ലാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ, അതിന്റെ സി.ഡി., താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ |
| **ഹിന്ദി സംസാരം:** | ഹിന്ദി മാത്രം മിക്കവാറും | ജൂൺ | ഹിന്ദി |

| | | | |
|---|---|---|---|
| ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക് ....<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. 'Readery fight' മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | മുതൽ ഫെബ്രുവരി വരെ | അധ്യാപകർ |

| **അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : UP സംസ്കൃതം** | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയം, സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | ഭാഷാകേളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ | സംസ്കൃതം അധ്യാപകർ |
| | വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക് : അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ | സംസ്കൃതം അധ്യാപകർ |
| സംസ്കൃതം അസംബ്ലി | കുട്ടികളുടെ ആഭിമുഖ്യത്തിൽ ആഴ്ചയിൽ ഒരു ദിവസം സംസ്കൃതം അസംബ്ലി സ്കൂളിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | സംസ്കൃതം ക്ലബ്, അധ്യാപകർ |
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം : പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടകങ്ങൾ, സുഭാഷിതങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ | അക്കാദമിക് വർഷം | സംസ്കൃതം ക്ലബ് |

| | | | |
|---|---|---|---|
| | അവതരിപ്പിക്കുന്നു. | | |
| കുട്ടികളുടെ രചനാശേഷി വർദ്ധിപ്പിക്കുന്നതിന് | ശിബിരം, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക | അക്കാദമിക വർഷം | സംസ്കൃതം ക്ലബ് |

**അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : UP ശാസ്ത്രം**

| മേഖല | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക മേഖല | പച്ചക്കറി തോട്ടം നിർമ്മാണം, പുകയില കഷായം നിർമ്മാണം | ജൂൺ | നേച്ചർ ക്ലബ്, സയൻസ് അധ്യാപകൻ | സ്കൂൾ |
| വ്യാവസായിക മേഖല | സോപ്പ് നിർമ്മാണം | ജൂലൈ, ആഗസ്റ്റ് | സയൻസ് ക്ലബ്, സയൻസ് അധ്യാപകൻ | പിടിഎ |
| വ്യാവസായിക മേഖല | എമർജൻസി ലാമ്പ് നിർമ്മാണം | സെപ്റ്റംബർ | സയൻസ് അധ്യാപകൻ | സ്കൂൾ |
| തൊഴിൽ മേഖല | എൽഇഡി ബൾബ് ഉപയോഗിച്ച് സർക്യൂട്ട് നിർമ്മാണം | സെപ്റ്റംബർ | സയൻസ് അധ്യാപകൻ | സ്കൂൾ |
| നിർമ്മാണ മേഖല | പെരിസ്കോപ്പ് നിർമ്മാണം, കാലിഡോസ്കോപ്പ് നിർമ്മാണം | ഒക്ടോബർ | സയൻസ് ക്ലബ്, സയൻസ് അധ്യാപകൻ | സ്കൂൾ |
| നിർമ്മാണ മേഖല | ശ്വാസകോശ മാതൃക നിർമ്മാണം | നവംബർ | | സ്കൂൾ |
| നിർമ്മാണ മേഖല / വ്യാവസായിക മേഖല | പാലങ്ങളുടെ നിർമ്മാണം കണ്ടറിയാൻ ഒരു യാത്ര പരീക്ഷണ കിറ്റുകളുടെ നിർമ്മാണം, ശാസ്ത്ര പ്രദർശനം | ഡിസംബർ, ജനുവരി | | സ്കൂൾ |
| നിർമ്മാണ മേഖല / ബോധവൽ | ശാസ്ത്ര വിസ്മയ ചുമർ, ശാസ്ത്ര ലൈബ്രറി നിർമ്മാണം, ആരോഗ്യ | ഫെബ്രുവരി | | സ്കൂൾ പിടിഎ |

| | | | | |
|---|---|---|---|---|
| ക്കരണ ക്ലാസ് | ബോധവൽക്കരണ ക്ലാസുകൾ | | | |
| ആധുനിക ശാസ്ത്ര മേഖല | പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര തത്വങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | മാർച്ച് | | സ്കൂൾ |
| ബോധവൽ ക്കരണം | പോഷക ആഹാരത്തെക്കുറിച്ചുള്ള ബോധവൽക്കരണം രക്ഷിതാക്കൾക്ക് പോഷക അപര്യാപ്തതയെ കുറിച്ച് ബോധവൽക്കരണം | ജൂൺ | | സ്കൂൾ, പിടിഎ |
| മാതൃക നിർമ്മാണം | കാന്തം ഉപയോഗിച്ചുകൊണ്ട് വിവിധ കളിപ്പാട്ടങ്ങൾ നിർമ്മിക്കുന്നു<br>കോമ്പസ് നിർമ്മാണം | ജൂലൈ | സയൻസ് അധ്യാപകൻ | സ്കൂൾ |
| പ്രദർശനം | പ്രഥമ ശുശ്രൂഷയെ പറ്റി കുട്ടികൾക്ക് ക്ലാസും പരിശീലനവും | ആഗസ്റ്റ് | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപകൻ | സ്കൂൾ |
| നിർമ്മാണ മേഖല | കരകൗശല നിർമ്മാണം | സെപ്റ്റം ബർ | സയൻസ് അധ്യാപകൻ | സ്കൂൾ |
| ഫീൽഡ് ട്രിപ്പ് | ബോട്ടാണിക്കൽ ഗാർഡൻ സന്ദർശിച്ച് പുഷ്പ നിരീക്ഷണവും പുഷ്പകൃഷി പരിചയപ്പെടലും | ഒക്ടോബ ർ | സയൻസ് ക്ലബ് | സ്കൂൾ |
| കാർഷിക മേഖല | കർഷകരുമായി അഭിമുഖം | ജൂൺ | സയൻസ് അധ്യാപകൻ | സ്കൂൾ |
| ഫീൽഡ് ട്രിപ്പ് | കന്നുകാലി ഫാം സന്ദർശനം | ജൂൺ | സയൻസ് അധ്യാപകൻ | സ്കൂൾ |
| ബോധവൽ | ആരോഗ്യ | ജൂലൈ | | സ്കൂൾ |

| | | | | |
|---|---|---|---|---|
| ക്കരണം | പ്രവർത്തകരുമായുള്ള അഭിമുഖം, പ്രതിരോധ കുത്തിവെപ്പിന്റെ പ്രാധാന്യം | | സയൻസ് ക്ലബ് | |
| ശുചീകരണം | ഡ്രൈ ഡേ ആചരണം | ആഴ്ച യിൽ ഒരിക്കൽ | സയൻസ് ക്ലബ് | സ്കൂൾ |
| ബോധവൽ ക്കരണം | ജലശുദ്ധീകരണ പ്ലാന്റ് സന്ദർശനം, ജലശുദ്ധീകരണത്തെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് | ആഗസ്റ്റ്, സെപ്റ്റം ബർ | സയൻസ് ക്ലബ് / സയൻസ് അധ്യാപകൻ | സ്കൂൾ |
| നിരീക്ഷണം | വാന നിരീക്ഷണം | Oct, Nov | സയൻസ് ക്ലബ്, സയൻസ് അധ്യാപകൻ | പിടിഎ |
| മാതൃക നിർമ്മാണം | ജലചക്രത്തിന്റെ മാതൃക നിർമ്മാണം | ഒക്ടോബ ർ / നവംബർ | സയൻസ് അധ്യാപകൻ | പിടിഎ |
| ബോധവൽ ക്കരണം | പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ജൈവമാലിന്യങ്ങൾ യഥാവിധി സംസ്കരിക്കാനുള്ള മാർഗങ്ങൾ | നവംബർ | സയൻസ് അധ്യാപകൻ, പിടിഎ | പിടിഎ |
| നിർമ്മാണം | ബയോബിൻ നിർമ്മാണം | നവംബർ | സയൻസ് അധ്യാപകൻ | പി.റ്റി.എ |
| ഫീൽഡ് ട്രിപ്പ് | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് | ഡിസംബ ർ, ജനുവരി | സയൻസ് ക്ലബ്, പി.റ്റി.എ | പി.റ്റി.എ |
| നിർമ്മാണം | ജൈവവൈവിധ്യ പാർക്ക്, പച്ചക്കറിത്തോട്ടം | ജൂൺ, മാർച്ച് | സയൻസ് ക്ലബ് | സ്കൂൾ |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : UP ഗണിതം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു | ഗണിത ശില്പശാല കളി രീതിയിലൂടെ അടിസ്ഥാന കൃതികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ എന്നിങ്ങനെയുള്ളവ ഉപയോഗിക്കുന്നു) | ജൂൺ | ഗണിത അധ്യാപക ർ |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികള ുടെ വികാസവും | വിവിധ രൂപങ്ങൾ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തുകയും പ്രദർശനം സംഘടിപ്പിക്കുകയും ചെയ്യുന്നു. | വർ ഷത്തി ൽ ഒരു പ്രാവ ശ്യം | ഗണിത അധ്യാപക ൻ |
| ഗണിത പഠന പ്രവർ ത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു ക്ലാസ് മുറിയിൽ ഗണിത ലാബ് സജ്ജമാക്കി ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവ ശ്യാനു സരണം | ഗണിത അധ്യാപക ർ ഗണിത ക്ലബിലെ അംഗങ്ങൾ |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർ ദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവിണ്യമുള്ള മറ്റു സീനിയർ അധ്യാപകരെ കൊണ്ട് പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന വിധത്തിൽ ക്ലാസുകൾ നടത്തുന്നു. | വർ ഷത്തി ൽ രണ്ടോ മൂന്നോ തവണ | ഗണിത അധ്യാപക ർ, ക്ലബ് ലീഡർമാർ |
| ഗണിതശാസ്ത്ര സാങ്കേതിക വിദ്യകളുടെ സാധ്യത ഉപയോഗപ്പെടുത്തു ന്നു. | ജാമീതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ മുതലായവ IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ പറ്റിയ പ്രവർത്തനങ്ങൾ നടത്തുക. | മാസ ത്തിൽ ഒരു പ്രാവശ്യ ം | ഗണിത അധ്യാപക ൻ |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർ ദ്ദേശങ്ങൾ നൽകുന്നു. ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നു. | ആഴ്ച യിൽ ഒരു പീരിയ ഡ് | അധ്യാപക രും സമർ ത്ഥരായ കുട്ടികളും |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : UP സാമൂഹ്യ ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **പ്രധാന പ്രവർ ത്തനങ്ങൾ** | **കാ ലം** | **ചുമത ല** |

| | | | | |
|---|---|---|---|---|
| ചരിത്ര വസ്തുതകളെ നിരീക്ഷിക്കാനും പ്രാദേശിക ചരിത്രം മനസ്സിലാക്കാനുമുള്ള ശേഷി വളർത്തുക. | കുട്ടികളുടെ നേതൃത്വത്തിൽ നാടിന്റെ ചരിത്രം, പഴയകാല ഉപകരണങ്ങൾ തുടങ്ങിയവ ശേഖരിച്ച് പൈതൃക കോർണർ തയ്യാറാക്കൽ, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ സന്ദർശിക്കുക, സ്വാതന്ത്ര്യ സമര സേനാനികൾ, സാമൂഹിക പരിഷ്കർത്താക്കൾ എന്നിവരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ. | പരിസ്ഥിതി ദിന ക്വിസ്, സ്വാതന്ത്ര്യ ദിന ക്വിസ് | Jun - Sep | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, സ്കൂൾ ലീഡേഴ്സ് |
| ഭൂപട വായന നൈപുണി വികസിപ്പിക്കലും പ്രകൃതി വിഭവങ്ങളെക്കുറിച്ചുള്ള അവബോധം നൽകലും. | ഗ്ലോബ്, ഇന്ത്യയുടെയും കേരളത്തിന്റെയും ഭൂപടങ്ങൾ എന്നിവ കൈകാര്യം ചെയ്യാനുള്ള പരിശീലനം. കുട്ടികൾ തന്നെ ഭൂപടങ്ങൾ വച്ച് അതിർത്തികളും നദികളും അടയാളപ്പെടുത്തുന്ന മത്സരം കാറ്റിന്റെ ദിശ മനസ്സിലാക്കുന്ന പ്രായോഗിക പ്രവർത്തനം, കാലാവസ്ഥ നിരീക്ഷണം നടത്തി വെതർ ഡയറി തയ്യാറാക്കൽ. | ഭൂപട വായന പരിശീലനം | Oct - Dec | SRG, PTA |
| ഭരണഘടന പൗരന്റെ അവകാശങ്ങൾ ചുമതലകൾ എന്നിവ ജീവിതചര്യയാക്കി മാറ്റുക. | സ്കൂൾ തലത്തിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കുക. അസംബ്ലിയിലോ ക്ലാസ് മുറിയിലോ ഭരണഘടനയുടെ ആമുഖം വായിച്ച് അതിലെ മൂല്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുന്നു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് യഥാർത്ഥ തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്ക് സമാനമായ രീതിയിൽ നടത്തുന്നു. | സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ്, റിപ്പബ്ലിക് ദിനാചരണം, ഭരണഘടനാ ക്വസ് | Jan - Mar | അധ്യാപകർ, ക്ലബ് ഭാരവാഹികൾ |
| സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സാമൂഹ്യ ശാസ്ത്രപഠനം എളുപ്പമാക്കൽ | KITE, SCERT എന്നിവയുടെ സമഗ്ര പോർട്ടലിലെ ആനിമേഷനുകൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പഠന രീതി. സോഷ്യൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ കയ്യെഴുത്തു മാസികകൾ. പ്രധാന ദിനാചരണങ്ങളിൽ ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ. | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പരിശീലനം സോഷ്യൽ സയൻസ് എക്സിബിഷൻ | Jun - Mar | അധ്യാപകർ |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : : HS മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ഭൗതീകം** | **ചുമതല** |

| | | | | |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം (സെപ്റ്റംബർ വരെ) | പുസ്തകങ്ങൾ, അക്ഷര കാർഡുകൾ | പി.ടി.എ., അധ്യാപകർ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്ര വായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. ആസ്വാദകരമായ വായന<br>14. ഇ-വായന | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ | അധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്തകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘരചന | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ | പി.ടി.എ., അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 8. ഭാഷ പ്രോജക്ട്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലരി | | | |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക | 6 മാസം (ജൂലൈ - ഡിസംബർ) | ഓഡിയോ, വീഡിയോ | ട്രെയിനർ, അധ്യാപകർ |

| **അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : HS ഇംഗ്ലീഷ്** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| കവിതാലാപനത്തിനും കവിത രചനയ്ക്കും പ്രാപ്തരാക്കുന്നു. | ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം.<br><br>കവിതാരചന, ആലാപന മത്സരങ്ങൾ നടത്തുന്നു. ആസ്വാ ദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>പ്രശസ്ത കവികളുമായുള്ള ആശയ വിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു.<br>Book Reviews<br>രചനകളുടെ പ്രദർശനം (Magazine) | ക്ലാസ് പ്രവർത്തനങ്ങൾ<br>വെക്കേഷൻ, ശനിയാഴ്ചകൾ<br><br>വർഷത്തിൽ രണ്ട് പ്രാവശ്യം | ടീച്ചേർസ്, പി.ടി.എ, SRG ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് പി.ടി.എ, മാനേജ്മെന്റ് |
| സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് | പ്രശസ്ത എഴുത്തുകാർ, നിരൂപകർ, വിവിധ മേഖലയിലെ പ്രശസ്ത വ്യക്തികൾ എന്നിവരുമായുള്ള | വെക്കേഷൻ (ഓണം, ക്രിസ്മസ്) | ടീച്ചേർസ്, പി.ടി.എ, | ഇംഗ്ലീഷ് ക്ലബ്ബ് പി.ടി.എ, SRG, |

| | | | | |
|---|---|---|---|---|
| ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക. | അഭിമുഖവും വീഡിയോ കോൺഫറൻസ് എന്നിവ നടത്തുന്നു.<br><br>English fest, English film കാണാനുള്ള അവസരം | <br><br><br>അക്കാദമിക വർഷത്തിൽ ഒന്ന് | SRG ഇംഗ്ലീഷ് ക്ലബ്ബ് | മാനേജ്മെന്റ് |
| സംവാദ സദസുകൾ സംഘടിപ്പിക്കുക | Native Speakers മൊത്ത് സമയം ചിലവഴിക്കാനും സംവാദം നടത്താനും സന്ദർഭങ്ങൾ ഒരുക്കുന്നു.<br><br>English writers, Poets - യുമായി വീഡിയോ കോൺഫറൻസുകൾ നടത്തുന്നു. | ശനിയാഴ്ചകൾ /വെക്കേഷൻ<br><br>അക്കാദമിക വർഷം രണ്ട് തവണ | ടീച്ചേർസ്, പി.ടി.എ, SRG | പി.ടി.എ, ഇംഗ്ലീഷ് ക്ലബ്ബ് |

| **അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : HS ഹിന്ദി** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു: | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ , പി.റ്റി.എ |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.<br><br>ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ , പി.റ്റി.എ |
| വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ , പി.റ്റി.എ |

| | | | | |
|---|---|---|---|---|
| സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | | | |

| **അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : HS ഹിന്ദി ദിനാചരണങ്ങൾ** | | | | |
|---|---|---|---|---|
| **പ്രവർത്തനങ്ങൾ** | **കാലം** | **ക്ലാസ്** | **ചുമതല** | **ലക്ഷ്യം** |
| ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | Jun 3 | 5-10 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. |
| റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് അറിവുകൾ നൽകുന്നു. | Jun 4 | 5-10 | ഹിന്ദി അധ്യാപകർ, ഭാഷാധ്യാപകർ, ഹിന്ദി ക്ലബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ / സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് അറിവുകൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്തു വർദ്ധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. |
| പരിസ്ഥിതി ദിനം | Jun 5 | 5-10 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | വ്യക്തി ശുചിത്വം, പരിസരശുചിത്വം, ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് മനസ്സിലാക്കുന്നു. |

| | | | | |
|---|---|---|---|---|
| വായനാദിനം, അഞ്ചാം ക്ലാസ്സിലെ ഹിന്ദി ക്ലബ് രൂപീകരണം | Jun 19 | 5-10 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | |
| ലഹരിവിരുദ്ധ ദിനം, ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | Jun 26 | 5-10 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. |
| പ്രേംചന്ദ് ജയന്തി. | Jul 31 | 5-10 | ഹിന്ദി അധ്യാപകർ | പ്രേംചന്ദിനെക്കുറിച്ച് അറിയാനും ഹിന്ദി ഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ തല്പരരാക്കാനും ജീവിത വിജയത്തിന് പ്രതിസന്ധികൾ തടസ്സമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. |
| കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | Sep 14 | 5-10 | ഹിന്ദി അധ്യാപകർ | ഹിന്ദി ഭാഷയുടെ പ്രാധാന്യവും ആവശ്യവും മനസ്സിലാക്കുന്നു. |
| ഗാന്ധിജയന്തി | Oct 2 | 5-10 | ഹിന്ദി അധ്യാപകർ, PTA, രക്ഷിതാക്കൾ | സ്കൂൾ പരിസരം വൃത്തിയാക്കുന്നു. |

| | | | | |
|---|---|---|---|---|
| ശിശുദിനം | Nov 14 | | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | ചാച്ചാജിയെക്കുറിച്ച് അറിയാനും ദേശസ്നേഹം വർദ്ധിപ്പിക്കാനും പ്രസംഗം അവതരിപ്പിക്കുന്നതിലൂടെ ഭാഷയെ വികസിപ്പിക്കാനും സാധിക്കുന്നു. |
| വിശ്വഹിന്ദി ദിനം, പോസ്റ്റർ നിർമ്മാണം, പ്രസംഗം | Jan 10 | 5-10 | ഹിന്ദി അധ്യാപകർ, ഹിന്ദി ക്ലബ് | ഹിന്ദി ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു |
| ഹിന്ദി നാടകോത്സവം: കഥാവായന, കഥാരചന, അഭിനയപരിശീലനം, ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം, വേദികളിൽ അവതരണത്തിന് അവസരം | 1 വർഷം | 5-10 | ഹിന്ദി അധ്യാപകർ, PTA, രക്ഷിതാക്കൾ, ഹിന്ദി ക്ലബ് | ഭാഷാജ്ഞാനം വർദ്ധിപ്പിക്കാൻ സാധിക്കുന്നു |

| **അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : HS ശാസ്ത്രം** | | | | | |
|---|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **ഗുണഭോക്താവ്** | **സാമ്പത്തികം** |
| ദൈനംദിന ജീവിതവുമായി ശാസ്ത്രത്തെ ബന്ധപ്പെടുത്തുക. | ലളിതമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര തത്വങ്ങൾ പഠിക്കുക. മുന്നറിവ് പരിശോധിക്കുക. പഠന വിടവ് നികത്തുക. (മുട്ട & ഉപ്പുവെള്ളം - സാന്ദ്രത, ചിരട്ട & സോഡാ കുപ്പി - ഇംപൾസീവ് ബലം, പേപ്പർ & ചൂടുവായു - വായു സാന്ദ്രത, ഗ്ലാസ് ബീക്കർ & അമ്പ് ചിഹ്നം - ലെൻസ് | Jun | സയൻസ് അധ്യാപകൻ | 8, 9, 10 | PTA |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ. | പ്രധാനപ്പെട്ട ശാസ്ത്ര കണ്ടുപിടുത്തങ്ങളിലേക്ക് ശാസ്ത്രജ്ഞർ എത്തിച്ചേർന്ന വഴികളും അതുമൂലം സമൂഹത്തിന് ഉണ്ടായ | Jul | സയൻസ് അധ്യാപകൻ | 8, 9, 10 | PTA |

| | | | | | |
|---|---|---|---|---|---|
| | നേട്ടങ്ങളും വിശദീകരിക്കുക. (ആർക്കിമിഡീസ് തത്വം, ബെൻസീന്റെ ഘടന കണ്ടുപിടിക്കൽ, ന്യൂട്ടന്റെ കഥ, എഡിസന്റെ കഥ) | | | | |
| ശാസ്ത്രമേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | ഐഡിയ കോംപറ്റീഷൻ, അവതരണം, മോഡൽ നിർമ്മാണം | Jul, Aug | സയൻസ് ക്ലബ് | 8.9. 10 | PTA |
| ശാസ്ത്ര പ്രോജക്റ്റുകൾ തയ്യാറാക്കാനുള്ള കഴിവ് നേടുന്നു. | സംസ്ഥാന സർക്കാർ നടത്തുന്ന Young Innovators Programme ൽ കുട്ടികളെ പങ്കെടുപ്പിക്കാനുള്ള പ്രോത്സാഹനവും പിന്തുണയും അവബോധന ക്ലാസും നൽകുന്നു.<br><br>കേന്ദ്രസർക്കാർ നടത്തുന്ന INSPIRE അവാർഡിൽ കുട്ടികളെ പങ്കെടുപ്പിക്കാനുള്ള പിന്തുണയും അവബോധന ക്ലാസും നൽകുന്നു. കുട്ടികളെ തിരഞ്ഞെടുക്കുന്നു.<br><br>കേന്ദ്രസർക്കാർ നടത്തുന്ന സ്കൂൾ ഇന്നവേഷൻ മാരത്തൺ അവാർഡിൽ കുട്ടികളെ പങ്കെടുപ്പിക്കാനുള്ള പിന്തുണയും അവബോധന ക്ലാസും നൽകുന്നു.<br><br>ബി ആർ സി തലത്തിൽ നടത്തുന്ന ഇക്കോ സ്ട്രീം പദ്ധതിയിൽ പങ്കെടുക്കാനുള്ള പിന്തുണ കുട്ടികൾക്ക് നൽകുന്നു. | Academic year | സയൻസ് അധ്യാപകൻ | 8,9, 10 | PTA |
| ശാസ്ത്ര ക്വിസ് - ശാസ്ത്ര സംബന്ധമായ പൊതു അറിവുകൾ വർദ്ധിക്കുന്നു. | ഹൈസ്കൂൾ തലത്തിൽ ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുകയും പരമാവധി കുട്ടികളെ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. ക്ലാസ് റൂം തലത്തിലും ഹൈസ്കൂൾ തലത്തിലും വിജയികളെ കണ്ടെത്തുന്നു. | Sep | സയൻസ് ക്ലബ് | 8,9, 10 | PTA |
| ശാസ്ത്ര മാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കുക | Sep, Oct | സയൻസ് ക്ലബ് | 8,9, 10 | PTA |
| ചോദ്യപേപ്പർ | നിശ്ചിത പാഠഭാഗങ്ങളിലെ | Dec | സയൻ | 8,9, | PTA |

| | | | | | |
|---|---|---|---|---|---|
| നിർമ്മാണം | ചോദ്യപേപ്പറുകൾ കുട്ടികൾ തയ്യാറാക്കുകയും അവ പഠന റിസോഴ്സുകളായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. | | സ് അധ്യാപകൻ | 10 | |
| പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക എന്ന ബോധ്യം നേടുന്നു. | സ്കൂൾ ക്യാമ്പസിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാനുള്ള നിർദ്ദേശങ്ങൾ കുട്ടികൾക്ക് നൽകുന്നു.<br><br>പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം മൂലം ഉണ്ടാകുന്ന വിപത്തുകളെ കുറിച്ച് ബോധവൽക്കരണം നൽകുന്നു. | Jan | സയൻസ് അധ്യാപകൻ | 8,9, 10 | PTA |
| കല ഉദ്ഗ്രഥിത ശാസ്ത്ര പഠനം | സയൻസ് കവിത, കാർട്ടൂൺ, സയൻസ് ട്രോൾ നിർമ്മാണം | Feb | സയൻസ് ക്ലബ് | 8,9, 10 | PTA |
| തൊഴിൽ ഉദ്ഗ്രഥിത ശാസ്ത്ര പഠനം | GI പൈപ്പ് ഉപയോഗിച്ച് സിമ്പിൾ പെൻഡുല നിർമ്മാണം, റെസണൻസ് കോളം നിർമ്മാണം. | Feb | സയൻസ് അധ്യാപകൻ | 8,9, 10 | PTA |
| SSLC അധിക പിന്തുണ | പത്താം ക്ലാസിലെ സയൻസ് വിഷയത്തിൽ ആഴ്ചയിൽ മൂന്ന് മണിക്കൂർ നിശ്ചയിക്കപ്പെട്ട ശനിയാഴ്ച്ചകളിലും അധിക പഠന പിന്തുണ നൽകുക. (ഗണിത പ്രശ്ന നിർധാരണം, ചർച്ച, ചോദ്യോത്തര വിശകലനം etc) | Academic year | സയൻസ് അധ്യാപകൻ | 10 | PTA |
| സയൻസ് ലാബ് സജ്ജീകരണം | സയൻസ് ലാബ് നവീകരണത്തിനുള്ള ഫണ്ട് കണ്ടെത്തുക ഉപകരണങ്ങൾ വാങ്ങുക. | Academic year | Management, Science teachers | UP and HS | PTA, Management |
| സയൻസ് പുസ്തക വായന അഭിരുചി വളർത്തൽ | ശാസ്ത്ര പുസ്തകങ്ങൾ ക്ലാസ് റൂമിൽ പരിചയപ്പെടുത്തുക. പുസ്തക വായന പ്രോത്സാഹിപ്പിക്കുക. | Academic year | സയൻസ് അധ്യാപകൻ | 8,9, 10 | PTA |
| ശാസ്ത്ര ദിനാചരണം - ദിവസത്തിന്റെ പ്രാധാന്യം കുട്ടികൾ മനസ്സിലാക്കുന്നു | വളരെ പ്രധാനപ്പെട്ട ശാസ്ത്ര ദിനങ്ങൾ സമുചിതമായി ആചരിക്കുന്നു. | Academic year | സയൻസ് ക്ലബ് | 8,9, 10 | PTA |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : HS ശാസ്ത്രം ദിനാചരണങ്ങൾ | | | |
|---|---|---|---|
| **ദിവസം** | **പ്രവർത്തനം** | **ദിവസം** | **പ്രവർത്തനം** |
| ജൂൺ 19 - വായനാദിനം | പാഠപുസ്തകത്തിലെ അധിക വായനയുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു. | സെപ്റ്റംബർ 15 - എൻജിനീയേർസ് ഡേ | വിവിധ തൊഴിൽ മേഖലകളെക്കുറിച്ച് അവബോധന ക്ലാസ്. |
| ജൂൺ 26 - ലഹരി വിരുദ്ധ ദിനം | ലഹരി വിരുദ്ധ പ്രതിജ്ഞ, സന്ദേശം. | സെപ്റ്റംബർ 16 - ഓസോൺ ദിനം | ഹരിതഗൃഹ വാതകങ്ങളെക്കുറിച്ച് സെമിനാർ, പ്രതിജ്ഞ. |
| ജൂലൈ 11 - പോപ്പുലേഷൻ ഡേ | അസംബ്ലിയിൽ സന്ദേശം നൽകുക. | ഒക്ടോബർ 16 - ലോക ഭക്ഷ്യ ദിനം | ജങ്ക് ഫുഡും രോഗങ്ങളും എന്ന വിഷയത്തിൽ പ്രബന്ധ രചനാ മത്സരം. |
| ജൂലൈ 21 - ചാന്ദ്രദിനം | ഇന്ത്യയുടെ ചാന്ദ്രദൗത്യത്തെ കുറിച്ചുള്ള വീഡിയോ അവതരണം. | നവംബർ 14 - ചിൽഡ്രൻസ് ഡേ | കുട്ടികളുടെ മാനസികാരോഗ്യത്തെ സംബന്ധിച്ച പോസ്റ്റർ പ്രദർശനം. |
| ആഗസ്റ്റ് 6 - ഹിരോഷിമ ദിനം | Oriziru (Paper Crane) നിർമ്മാണം, യുദ്ധ വിരുദ്ധ സന്ദേശം. | ഡിസംബർ 1 - ലോക എയ്ഡ്സ് ദിനം | അസംബ്ലിയിൽ സന്ദേശം നൽകുന്നു, പോസ്റ്റർ പ്രദർശനം. |
| ആഗസ്റ്റ് 23 - ബഹിരാകാശ ദിനം | ചിത്ര രചനാ മത്സരം, വീഡിയോ പ്രദർശനം. | ഫെബ്രവരി 28 – ലോക സയൻസ് ദിനം | ലഘു പരീക്ഷണ മത്സരം |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : HS സാമൂഹ്യ ശാസ്ത്രം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| Develop a comprehensive understanding of Social | **Create a Study Schedule**: Allocate specific time for each subject, including History, Geography, Civics, and Economics. | **Short-term Goals**: Focus on the completion of specific chapters or | **Student**: Take ownership of the learning process, set | **Resource Optimization**: Utilize textbooks and online study |

| | | | | |
|---|---|---|---|---|
| Science concepts, theories, and methods.<br><br>Improve critical thinking, analytical, and problem-solving skills. | **Read and Analyse**: Engage with textbooks, reference books, and various online resources.<br><br>**Practice Questions**: Solve sample papers, review past exams, and participate in online quizzes.<br><br>**Group Discussions**: Participate in debates, collaborative discussions, and presentations. | individual topics.<br><br>**Long-term Goals**: Prepare for major exams, comprehensive projects, or large assignments. | personal goals, and track academic progress.<br><br>**Teacher**: Provide necessary guidance, academic support, and constructive feedback. | materials as efficiently as possible.<br><br>**Time Management**: Prioritize academic tasks, avoid procrastination, and maintain focus. |
| **പത്രവായന** : സമകാലിക വിഷയങ്ങളിൽ അവബോധം വളർത്തൽ | വാർത്താവായന മത്സരം, ക്വിസ് | മാസത്തിൽ ഒന്ന് | സാമൂഹ്യ ശാസ്ത്രാ ധ്യാപിക | |
| **മോക്ക് പാർലമെന്റ്** : ജനാധിപത്യ രീതികൾ മനസ്സിലാക്കൽ (വളർത്തിയെടുക്കൽ) | തെരഞ്ഞെടുപ്പ്, നിയോജക മണ്ഡലങ്ങൾ, പ്രകടന പത്രിക, പ്രചാരണം, ബാലറ്റ്, EVM എന്നിവ പരിചയപ്പെടുത്തുന്നു. ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം. | വർഷത്തിൽ ഒന്ന് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : HS ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| ഗണിതത്തിലെ ചതുഷ്ക്രിയകൾ കുട്ടികളിൽ ഉറപ്പിക്കുക. | വിവിധ പരിപാടികൾ ചാർട്ടിൽ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | ഒരു തവണ | കണക്ക് ടീച്ചർ | 500 |
| ഗണിതലാബ് സജ്ജീകരിക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് തയ്യാറാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത ക്ലബ് | 500 |
| വിവിധ ജ്യാമിതീയ രൂപങ്ങളെക്കുറിച്ച് ധാരണ നൽകൽ | ജ്യാമിതീയ രൂപങ്ങൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. | ഒരു തവണ | കണക്ക് ടീച്ചർ | 500 |
| ഒറിഗാമി ശില്പശാല രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമിയിലൂടെ ഗണിതശേഷി കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ സവിശേഷതകൾ ചർച്ച ചെയ്യുന്നു. | ഒരു തവണ | എസ്. ആർ. ജി. | |
| സെമിനാർ, ക്വിസ് തുടങ്ങിയവയിലൂടെ ഗണിതത്തെ കൂടുതൽ അറിയാൻ | വിവിധ ഗണിത വിഷയവുമായി ബന്ധപ്പെട്ട് ക്വിസും സെമിനാറുകളും നടത്തുന്നു. | ആവശ്യാനുസരണം | ഗണിത ക്ലബ് | |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025 : HS ICT | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ | **സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക:** ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തുകയും | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| പ്രാപ്തരാക്കുക. | അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | | | |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | **ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക:** ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പ്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | PTA |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | PTA |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും | **സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം:** മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | IT Club |

| | | | | |
|---|---|---|---|---|
| ബോധവൽക്കരിക്കുക. | ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | | |
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ്വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ്വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ്വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുക. | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ചുകൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

## V. വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളുമായുള്ള ഏകോപനം

**(a) വിദ്യാഭ്യാസവകുപ്പിന്റെ പരിപാടികളുമായുള്ള ഏകോപനം**

വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിവിധ തലങ്ങളിലെ (സബ്ജില്ല, ജില്ല, സംസ്ഥാനം) കലോത്സവം, കായികമേള, ശാസ്ത്രമേള എന്നിവയിൽ പങ്കെടുക്കാൻ കുട്ടികളെ ഒരുക്കുന്ന തരത്തിൽ സ്കൂൾ തലത്തിൽ പരിശീലനവും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

BRC യുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന Eco Stream Project, STEPS, വിദ്യാരംഗം എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ആവശ്യമായ മേഖലകളിൽ സ്കൂൾ തല പരിശീലനങ്ങളും, തിരഞ്ഞെടുപ്പുകളും നടത്തുന്നു.

Samagra, Sampoorna, Sahitham പോർട്ടലുകളുടെ ശരിയായ ഉപയോഗത്തിലൂടെ പാഠാസൂത്രണങ്ങൾ തയ്യാറാക്കുന്നതിലും കുട്ടികളുടെ വിവരങ്ങൾ യഥാവിധം രേഖപ്പെടുത്തുന്നതിലും അധ്യാപകർ ശ്രദ്ധകേന്ദ്രീകരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമിക കലണ്ടർ അടിസ്ഥാനമാക്കി സ്കൂളിലെ ദിനാചരണങ്ങളും അക്കാദമിക പ്രവർത്തനങ്ങളും മറ്റു പൊതു പരിപാടികളും സംഘടിപ്പിക്കുന്നു.

**(b) അധ്യാപക ശാക്തീകരണത്തിലെ പങ്കാളിത്തം**

പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന എല്ലാ അധ്യാപക പരിശീലന പരിപാടികളിലും ക്ലസ്റ്റർ തല പരിശീലനങ്ങളിലും വിദ്യാലയത്തിലെ അംഗീകൃത അധ്യാപകർ പങ്കെടുക്കുന്നു. കൂടാതെ വിവിധ വിഷയങ്ങളിൽ ജില്ലാതല റിസോഴ്സ് അധ്യാപകരായും ഈ വിദ്യാലയത്തിലെ അധ്യാപകർ സേവനം അനുഷ്ടിക്കുന്നു.

**(c) സാമൂഹിക / രക്ഷാകർത്യ പങ്കാളിത്തം**

പൂർവ വിദ്യാർത്ഥി സംഘടന, ദേവമാതാ സ്പോർട്സ് അക്കാദമി എന്നീ സംഘടനകളമായുള്ള സഹകരണത്തിലൂടെ വിദ്യാലയത്തിന് പൊതുസമൂഹവുമായി ഇഴചേർന്ന് നിൽക്കാൻ സാധിക്കുകയും വിദ്യാലയത്തിന്റെ സാമ്പത്തികാവശ്യങ്ങളുൾപ്പെടെയുള്ള കാര്യങ്ങളിൽ ഫലപ്രദമായി സഹകരണം ലഭിക്കുകയും ചെയ്യുന്നു. കുട്ടികളുടെ ഭവന സന്ദർശനം, കോർണർ പി.ടി.എ. എന്നിവ ഫലപ്രദമായി നടത്തുന്നതിലൂടെ അധ്യാപകരും വിദ്യാർത്ഥികളും രക്ഷകർ ത്താക്കളുമായുള്ള ബന്ധം സുദൃഢമായി നിലനിർത്താൻ സാധിക്കുന്നു. പി.ടി.എ യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ഫലപ്രദമായി നടത്തുന്നതിലൂടെയും രക്ഷകർ ത്താക്കളുടെ പിന്തുണ ഉറപ്പാക്കാൻ സാധിക്കുന്നു. രക്ഷാകർത്യ അവബോധന ക്ലാസുകൾ പി.ടി.എ യോഗങ്ങളോട് ചേർത്ത് നടത്തുകയും ശരിയായ പേരന്റിംഗ് രീതികൾ മനസ്സിലാക്കാൻ രക്ഷകർത്താക്കളെ സഹായിക്കുകയും ചെയ്യുന്നതിലൂടെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളിൽ രക്ഷകർത്താക്കളുടെ പിന്തുണ ലഭ്യമാകുന്നു.

## VI. പ്രവർത്തന കലണ്ടറും മോണിറ്ററിംഗ് സംവിധാനവും

**(a) പ്രവർത്തന കലണ്ടർ**

| ദിവസം | പ്രവർത്തനം |
|---|---|
| Jun 1 | പ്രവേശനോത്സവം, Staff Meeting |
| Jun 5 | ലോക പരിസ്ഥി ദിനം |
| Jun 19 | വായന ദിനം |
| Jun 21 | അന്താരാഷ്ട്ര യോഗ ദിനം |
| Jun 25 | വിജയോത്സവം |
| Jun 26 | ലഹരി വിരുദ്ധ ദിനം |
| Jun 30 | SRG Meeting, Staff Meeting |
| July 6 to 10 | ഫസ്റ്റ് മിഡ് ടേം പരീക്ഷ |
| July 13 | PTA Meeting |

| | |
|---|---|
| July 24 | ശാസ്ത്ര മേള - സ്കൂൾതലം |
| July 27 | ചാന്ദ്ര ദിനം |
| July 28 | SRG Meeting, Staff Meeting |
| Aug 7 | കായിക മേള – സ്കൂൾ തലം |
| Aug 15 | സ്വാതന്ത്ര്യ ദിനം |
| Aug 17 to 21 | ഒന്നാം പാദവാർഷിക പരീക്ഷ (Tentative) |
| Sep 4 | PTA Meeting |
| Sep 5 | അധ്യാപക ദിനം |
| Sep 8 | ലോക സാക്ഷരത ദിനം |
| Sep 14 | ഹിന്ദി വാരാഘോഷം |
| Sep 15 | ജനാധിപത്യ ദിനം, സ്കൂൾ പാർലമെന്റ് |
| Sep 21 | Staff Meeting, SRG Meeting |
| Sep 24, 25 | യൂത്ത് ഫെസ്റ്റിവൽ |
| Sep 23 | ജപമാല ആരംഭം, നൊവേന |
| Oct 2 | ഗാന്ധി ജയന്തി |
| Oct 5 | Staff Meeting, SRG Meeting |
| Oct 7 | ജപമാല രാജ്ഞി തിരുനാൾ, School Feast Day |
| Oct 9 | ക്ലാസ് 10 - ടൂർ |
| Nov 6 | UP Section - Tour |
| Nov 14 | ശിശു ദിനം |
| Nov 16 to 20 | സെക്കൻഡ് മിഡ് ടേം (Tentative) |
| Nov 23 | PTA Meeting |
| Dec 1 | ലോക എയ്ഡ്സ് ദിനം |
| Dec 22 | ലോക ഗണിത ദിനം |
| Dec 14 to 18 | അർധ വാർഷിക പരീക്ഷ (Tentative) |
| Jan 4 | PTA Meeting |
| Jan 8 | LP Section - Tour |
| Jan 14 | Staff Meeting, SRG Meeting |
| Jan 22 | സ്കൂൾ വാർഷികം |
| Jan 26 | റിപ്പബ്ലിക് ദിനം |
| Feb 21 | അന്തർദേശിയ മാതൃഭാഷാ ദിനം |
| Feb 18 to 22 | SSLC Model Exam (Tentative) |
| Feb 28 | ദേശീയ ശാസ്ത്ര ദിനം |

| | |
|---|---|
| March 1 to 31 | SSLC and School Annual Examinations |

**(b) പ്രവർത്തന പുരോഗതി വിലയിരുത്തൽ**

സ്റ്റാഫ് മീറ്റിംഗ്, എസ്. ആർ. ജി, പി.റ്റി.എ. യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ ചേരുകയും അക്കാദമിക മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാനായി തയ്യാറാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ സമയാനുസൃതം കാര്യക്ഷമമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. പ്രവർത്തന പുരോഗതി സമഗ്ര പോർട്ടലിൽ രേഖപ്പെടുത്തുന്നു.

## VII. ഉപസംഹാരം

കുട്ടനാടിന്റെ സവിശേഷമായ സാമൂഹിക-ഭൂമിശാസ്ത്ര പശ്ചാത്തലത്തിൽ നിന്നുകൊണ്ട്, ദശാബ്ദങ്ങളുടെ അറിവും സംസ്കാരവും പകർന്നുനൽകിയ ഉജ്ജ്വലമായ പാരമ്പര്യവുമായി ദേവമാതാ ഹൈസ്കൂൾ ചേന്നങ്കരി 2026-27 അക്കാദമിക വർഷത്തിലേക്ക് ചുവടുവെക്കുകയാണ്. മുൻവർഷത്തെ നേട്ടങ്ങളുടെ സമഗ്രമായ പുനരവലോകനത്തിലൂടെയും കൃത്യമായ അവസ്ഥാ വിശകലനത്തിലൂടെയും രൂപപ്പെടുത്തിയ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുള്ള ഒരു ദീർഘവീക്ഷണ രേഖയാണ്.

അക്കാദമിക മികവിനൊപ്പം തന്നെ കായിക-കലോത്സവ-ശാസ്ത്ര മേളകളിലും, പ്രത്യേകിച്ച് ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വാട്ടർ സ്പോർട്സ് (കനോയിംഗ്, കയാക്കിംഗ്, നീന്തൽ) മേഖലകളിലും വിദ്യാലയം പുലർത്തുന്ന ഉന്നതമായ നിലവാരം ഈ വർഷവും കൂടുതൽ കരുത്തോടെ നിലനിർത്താൻ വിദ്യാലയം പ്രതിജ്ഞാബദ്ധമാണ്. 'ദിശ' (DISHA) പോലുള്ള തനതു മത്സരപരീക്ഷാ പരിശീലന പരിപാടികളും, ഐ.ടി മേഖലയിലെ 'ലിറ്റിൽ കൈറ്റ്സ്' പ്രവർത്തനങ്ങളും Scout, JRC മുതലായ സേവന സംഘടനാ പ്രവർത്തനങ്ങളും വിദ്യാർത്ഥികളുടെ ആഗോള ശേഷികളെ ഉണർത്താൻ ഉതകുന്നവയാണ്. എങ്കിലും, അടിസ്ഥാന സൗകര്യ വികസനം, സയൻസ്-കമ്പ്യൂട്ടർ ലാബുകളുടെ ആധുനികീകരണം, വിദ്യാലയ പരിസര സുരക്ഷ തുടങ്ങിയ ഭൗതിക പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സ്രോതസ്സുകളുടെ കണ്ടെത്തൽ വരും നാളുകളിൽ ഒരു വലിയ വെല്ലുവിളിയായി നിലനിൽക്കുന്നുണ്ട്.

വിദ്യാഭ്യാസ വകുപ്പ്, മാനേജ്മെന്റ്, പിടിഎ, പൂർവ്വവിദ്യാർത്ഥി സംഘടനകൾ, പ്രാദേശിക സമൂഹം എന്നിവയുടെ ശക്തമായ ഏകോപനത്തിലൂടെയും ജനാധിപത്യപരമായ പങ്കാളിത്തത്തിലൂടെയും ഈ വെല്ലുവിളികളെ മറികടക്കാൻ സാധിക്കുമെന്ന് വിദ്യാലയം പ്രത്യാശിക്കുന്നു. ഓരോ കുട്ടിയുടെയും വ്യക്തിഗതമായ പഠന നിലവാരവും മാനുഷിക മൂല്യങ്ങളും ഉയർത്തിക്കൊണ്ട്, പരിമിതികളെ അനന്തമായ സാധ്യതകളാക്കി മാറ്റാനും, ആഗോള നിലവാരമുള്ള ഒരു ഉത്തമ തലമുറയെ വാർത്തെടുക്കാനും ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ദേവമാതാ ഹൈസ്കൂളിന് സാധിക്കുമെന്ന് പൂർണ്ണമായി വിശ്വസിക്കുന്നു.